


- വഹ്‌യിന്റെ ആരംഭം
- വിശുദ്ധ ഖുർആൻ
- ഖുർആനിൽ പതിവാക്കേണ്ടവ
- ഖുർആൻ മന:പാഠമാ◌ൂഌമി4ക്കൽ
- ഖുർആൻ പാരായണ മര്യാദകൾ
- ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠതകൾ
- ഖുർആനും നബിചര്യയും
- ഖുർആനിന്റെ അവതരണം
- ഖുർആനിനെ ആദരിക്കൽ
- ക്ലോണിങ്ങും വിശുദ്ധ ഖുർആനും
- ഇസ്‌ലാമിലെ പാരിസ്ഥിതിക മൂല്യങ്ങൾ
- ഖുർആൻ തുറന്ന വഴി
- ഖുർആനും ഭൂമിശാസ്ത്രവും
- ഖുർആനും ഗോളശാസ്ത്രവും
- ഖുർആനും ജന്തുശാസ്ത്രവും
- ഖുർആനും വൈദ്യശാസ്ത്രവും
- വിശുദ്ധ ഖുർആൻ സൗന്ദര്യങ്ങളുടെ സൗന്ദര്യം
- ഖുർആനും സസ്യശാസ്ത്രവും

## 1.വിശുദ്ധ ഖുർആൻ

അന്ത്യപ്രവാചകർ മുഹമ്മദ് നബി (സ്വ) ക്ക് ജിബ്രീൽ (അ) മുഖേന അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ലോകത്ത് ഏറ്റവും കൂടുതൽ പാരായണം ചെയ്യപ്പെടുന്നതും കേൾക്കപ്പെടുന്നതും മന:പാഠമാക്കപ്പെടുകയും ചെയ്യുന്നത് അല്ലാഹുവിന്റെ കലാമായ ഖുർആൻ മാത്രമാണ്. അതിന് നിരവധി പ്രത്യേകതകൾ ഉണ്ട്.

അതിന്റെ പാരായണം ഇബാദത്ത് (ആരാധന) ആണ്. ഇത് അർഥം അറിയുന്നവർക്കും അറിയാത്തവർക്കും ബാധകമാണ്.

ഖുർആൻ താവാതുർ കൊണ്ട് സ്ഥിരപ്പെട്ടതാണ്. (അസത്യത്തിൽ ഒത്തുവരാൻ സാധ്യതയില്ലാത്തത്ര ആളുകൾ തലമുറയായി കൈമാറി വരുന്നതിനാണ് താവാതുർ എന്ന് പറയുന്നത്).

ഖുർആൻ മുഅ്ജിസ് (അമാനുഷികം) ആകുന്നു. അതിന് തുല്യമായി മറ്റൊന്ന് കൊണ്ടു വരാൻ ഒരു സൃഷ്ടിക്കും സാധ്യമല്ലെന്ന വെല്ലുവിളിയിൽ അത് വിജയിച്ചതു കൊണ്ടാണ് അതിന് മുഅ്ജിസ് എന്നു പറയുന്നത്.

ഖുർആൻ അല്ലാഹുവിന്റെ കിതാബുകളിൽ അവസാനത്തേതും അന്ത്യനാൾ വരെ നിലനിൽക്കുന്നതുമാണ്.

ഖുർആനിന്റെ അവതരണത്തോടെ പൂർവ്വ വേദങ്ങളെല്ലാം നസ്ഖ് (ദുർബലം) ചെയ്യപ്പെട്ടു. അവയിലെല്ലാം വിശ്വസിക്കൽ നിർബന്ധമാണെങ്കിലും അവയിലെ വിധി വിലക്കുകൾ നമുക്ക് ബാധകമല്ല.

പൂർവ്വ വേദങ്ങളിൽ സംഭവിച്ചതു പോലുള്ള മാറ്റത്തിരുത്തലുകളോ കൈകടത്തലുകളോ ഖുർആനിൽ സംഭവിക്കുകയില്ല. കാരണം ‘‘നാമാണ് ഖുർആൻ അവതരിപ്പിച്ചത്, നാം അതിനെ കാത്തു സംരക്ഷിക്കുകയും ചെയ്യും’’ എന്ന വാക്യത്തിലൂടെ ഖുർആനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. ഇന്ന് നിലവിലുള്ള പൂർവ്വ വേദങ്ങൾ മനുഷ്യർ കൈകടത്തി അലങ്കോലപ്പെടുത്തിയതു കൊണ്ട് അത് എഴുതാനോ വായിക്കാനോ പാടുള്ളതല്ല. എന്നാൽ വിദഗ്ദ്ധരായ പണ്ഡിതന്മാർക്ക് വിമർശനത്തിനും ഖണ്ഡനത്തിനും മാത്രം അവ വായിക്കാവുന്നതാണ്.

## വഹ്‌യിന്റെ ആരംഭം

നബി (സ്വ) യുടെ വഹ്‌യി (ദിവ്യബോധനം) ന്റെ ആരംഭം, പ്രഭാതം പോലെ പുലർന്ന സ്വപ്നങ്ങളായിരുന്നു. ഇത് ഖുർആൻ അവതരണത്തിന്റെ തൊട്ടു മുമ്പുള്ള ആറു മാസക്കാലം നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു. അവസാനം തങ്ങൾക്ക് ഏകാന്തവാസം ഇഷ്ടകരമായി. ദിവസങ്ങളോളം ഹിറാഅ് പർവ്വതത്തിന്റെ ഗുഹയിൽ ഒറ്റക്കിരുന്നു ഇബാദത്ത് (ആരാധന) ചെയ്യുക പതിവായി.

ഒരു ദിനം ജിബ്രീൽ (അ) പ്രത്യക്ഷപ്പെട്ടു. ‘‘ഇഖ്റഅ്’’ (നീ വായിക്കുക) എന്നു പറഞ്ഞു. തങ്ങൾ ‘മാ അന ബിഖാരിഇൻ’ (ഞാൻ വായിക്കുന്നവനല്ല) എന്നു മറുപടി പറഞ്ഞു. ജിബ്രീൽ (അ) നബി (സ്വ) യെ അണച്ചുകൂട്ടി. പിടുത്തം വിട്ടു ഓതാൻ

വീണ്ടും ആവശ്യപ്പെട്ടു. മാ അന ബിഖാരിഇൻ എന്നു തന്നെ മറുപടി പറഞ്ഞു. രണ്ടാമതും അണച്ചുകൂട്ടി പിടുത്തം വിട്ടു ഇഖ്റഅ് എന്നു മൂന്നാമതും പറഞ്ഞു. അപ്പോഴും തങ്ങൾ മാ അന ബിഖാരിഇൻ എന്നു തന്നെ മറുപടി പറഞ്ഞു. മൂന്നാമതും അണച്ചുകൂട്ടി പിടുത്തം വിട്ടുകൊണ്ട് ജിബ്‌രീൽ (അ) ഇപ്രകാരം ഓതി കേൾപ്പിച്ചു. ''സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു'' (സൂറ അലഖ്:1-5). ഇതാണ് ഖുർആൻ അവതരണത്തിന്റെ തുടക്കം. പേടിച്ചു വിറച്ചുകൊണ്ടാണ് നബി (സ്വ) വീട്ടിലേക്ക് മടങ്ങിയത്. ഖദീജാ ബീവി (റ) നബി (സ്വ) യെ പുതപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. താൻ കണ്ടത് അല്ലാഹുവിന്റെ മലക് (മാലാഖ) ആണെന്നും മലക് നൽകിയത് വഹ്‌യ് (ദിവ്യബോധനം) ആണെന്നും തങ്ങൾക്ക് ബോധ്യമായി. വീണ്ടും മലക്കിനെ കാണാനും വഹ്‌യ് സ്വീകരിക്കാനും ആഗ്രഹമായി. പക്ഷേ, നാൽപത് ദിവസത്തോളം കഴിഞ്ഞാണ് ജിബ്‌രീൽ (അ) വീണ്ടും വന്നത്. ഈ ഇടവേളക്കാണ് ഫത്റതുൽ വഹ്‌യ് എന്നു പറയുന്നത്. ഇത്തവണ ജിബ്‌രീൽ (അ) അന്തരീക്ഷത്തിൽ ഇരിക്കുന്നതായാണ് നബി (സ്വ) കണ്ടത്. നബി (സ്വ) ഭയത്തോടെ വീട്ടിൽ ചെന്ന് പുതച്ചു കിടന്നു. അപ്പോൾ ജിബ്‌രീൽ (അ) വന്നു ''ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റു (ജനങ്ങളെ) താക്കീതു ചെയ്യുക. തങ്ങളുടെ രക്ഷിതാവിനെ മഹത്വപ്പെടുത്തുക, തങ്ങളുടെ വസ്ത്രങ്ങൾ ശുദ്ധിയാക്കുക....... തങ്ങളുടെ രക്ഷിതാവിനു വേണ്ടി ക്ഷമ കൈക്കൊള്ളുക'' (സൂറ മുദ്ദഥ്ഥിർ:1-7) ഓതി കേൾപ്പിച്ചു. ഇതു മത പ്രബോധനത്തിനുള്ള കൽപനയായിരുന്നു.

## വിശുദ്ധ ഖുർആൻ

### » ഖുർആനിൽ പതിവാക്കേണ്ടവ

ഖുർആനിലെ ചില ഭാഗങ്ങൾ ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേകം സുന്നത്താകുന്നു. ദിവസേന ഓരോ ഫർള് നിസ്കാരത്തിനു ശേഷവും താഴെ പറയുന്നവ സുന്നത്താണ്.

- സൂറത്തുൽ ഫാതിഹ.
- സൂറത്തുൽ ഇഖ്‌ലാസ് (112-ാം അദ്ധ്യായം).
- സൂറത്തുൽ ഫലഖ് (113-ാം അദ്ധ്യായം).
- സൂറത്തുന്നാസ് (114-ാം അദ്ധ്യായം).
- ആയത്തുൽ കുർസിയ്യ് (അൽ ബഖറ: 255).
- ശഹിദല്ലാഹു... (ആലു ഇംറാൻ: 18).

ഉറങ്ങാനുദ്ദേശിച്ചാൽ ഈ ആറെണ്ണത്തിനു പുറമെ,

- ആമനർറസൂൽ (അൽ ബഖറ: 284-286).
- സൂറത്തുൽ കാഫിറൂൻ (109-ാം അദ്ധ്യായം) എന്നിവ ഓതലും സുന്നത്താണ്.

എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും താഴെ പറയുന്ന ആയത്തുകൾ ഓതൽ സുന്നത്തുണ്ട്.

- ലൗ അൻസൽനാ (ഹശ്റ്: 20–24).
- ഹാമീം..... (ഗാഫിർ: 1–3).
- അഫഹസിബ്തും..... (മുഅ്മിനൂൻ: 115).

ഏഴ് സൂറത്തുകൾ എല്ലാ ദിവസവും പതിവാക്കൽ സുന്നത്താണ്.

- അലിഫ് ലാം മീം സജ്ദ (32–ാം അദ്ധ്യായം).
- സൂറത്തു യാസീൻ (36–ാം അദ്ധ്യായം).
- സൂറത്തുദ്ദുഖാൻ (44–ാം അദ്ധ്യായം).
- സൂറത്തുൽ വാഖിഅഃ (56–ാം അദ്ധ്യായം).
- സൂറത്തുൽ മുൽക് (67–ാം അദ്ധ്യായം).
- സൂറത്തുസ്സൽസല (99–ാം അദ്ധ്യായം).
- സൂറത്തുത്തകാസുർ (102–ാം അദ്ധ്യായം).

ഇവ പതിവാക്കാൻ കഴിയാത്ത പക്ഷം സജ്ദ, വാഖിഅഃ എന്നീ സൂറത്തുകളെങ്കിലും രാത്രി പതിവായി ഓതേണ്ടതാണ്. മരണാസന്നനായ ഒരാളുടെ സമീപത്ത് സൂറത്തു യാസീൻ, സൂറത്തുർറഅ്ദ് എന്നിവ ഓതൽ സുന്നത്തുണ്ട്. ഇവയെല്ലാം ഹദീസുകളിൽ വന്നിട്ടുള്ളതാണ്.

## ഖുർആൻ മന:പാഠമാക്കൽ

ഖുർആൻ മനഃപാഠമാക്കൽ വളരെ ശ്രേഷ്ഠമായ ഒരു ആരാധനയാകുന്നു. മാത്രമല്ല അത് ഫർള് കിഫായഃ (സാമൂഹിക ബാധ്യത) കൂടിയാണ്. അപ്പോൾ മുസ്‌ലിം സമുദായത്തിൽ ഖുർആൻ മനഃപാഠമാക്കിയ ഒരു വിഭാഗം എക്കാലത്തും ഉണ്ടാകണം. മനഃപാഠമാക്കിയ ഒരാൾ പോലും ഇല്ലാതെ വന്നാൽ ആ കാലഘട്ടത്തിലെ എല്ലാ മുസ്‌ലിംകളും കുറ്റക്കാരാകും.

ഖുർആൻ മനഃപാഠമാക്കിയവർക്ക് പല ശ്രേഷ്ഠതകളും ഹദീസുകളിൽ വന്നിട്ടുണ്ട്.

അല്ലാഹുവിന്റെ തണൽ അല്ലാതെ മറ്റൊരു തണൽ ഇല്ലാത്ത ദിവസം ഖുർആൻ വാഹകർ അവന്റെ തണലിലായിരിക്കും.

ഖുർആൻ വല്ലവനും ഓതി മനഃപാഠമാക്കുകയും അതിലെ ഹലാലിനെ ഹലാലായി സ്വീകരിക്കുകയും ഹറാമിനെ ഹറാമായി സ്വീകരിക്കുകയും ചെയ്താൽ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും നരകാവകാശികളായിത്തീർന്ന അവന്റെ പത്തു ബന്ധുക്കളിൽ അവന്റെ ശിപാർശ സ്വീകരിക്കുകയും ചെയ്യും (തിർമുദി).

ഖുർആൻ അൽപം പോലും മനഃപാഠമാക്കാത്തവൻ ശൂന്യമായ വീടുപോലെയാണ് (തിർമുദി). ഖുർആൻ പഠിച്ചവൻ അതു മറക്കൽ വൻദോഷമാണ്. നബി (സ്വ) പറയുന്നു: ‘‘എന്റെ സമുദായത്തിന്റെ പാപങ്ങൾ എനിക്കു കാണിക്കപ്പെട്ടു. എന്നാൽ വിശുദ്ധ ഖുർആനിൽ നിന്ന് ഒരാൾക്ക് നൽകപ്പെട്ട ഒരു സൂറത്തോ ഒരു ആയത്തോ അയാൾ മറക്കുന്നതിനേക്കാൾ വലിയ മറ്റൊരു പാപത്തെയും ഞാൻ കണ്ടിട്ടില്ല’’ (അബൂദാവൂദ്).

## ഖുർആൻ പാരായണ മര്യാദകൾ

**ഖുർആൻ പാരായണം ചെയ്യുമ്പോൾ താഴെ കൊടുത്ത അദബുകൾ (മര്യാദകൾ) പാലിക്കൽ സുന്നത്താണ്.**

- വുളൂഅ് ചെയ്യുക.
- മിസ്‌വാക് ചെയ്യുക. നേരത്തെ വുളൂഅ് ചെയ്യുമ്പോൾ മിസ്‌വാക് ചെയ്തിട്ടുണ്ടെങ്കിലും ഖുർആൻ പാരായണ വേളയിൽ അതു പ്രത്യേകം സുന്നത്തുണ്ട്.
- വൃത്തിയുള്ള സ്ഥലത്തു വെച്ചായിരിക്കുക. മസ്ജിദ് (പള്ളി) ആണ് ഏറ്റവും ഉത്തമം.
- ഖിബ്‌ലക്ക് അഭിമുഖമായി ഭക്തിപൂർവ്വം തല താഴ്ത്തി ഇരിക്കുക.
- പാരായണം തുടങ്ങുമ്പോൾ 'അഊദുബില്ലാഹി മിനശ്ശൈത്വാനിർറജീം' (ശപിക്കപ്പെട്ട പിശാചിൽ നിന്നു അല്ലാഹുവിനോട് ഞാൻ കാവൽ തേടുന്നു), 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' (കാരുണ്യകനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ തുടങ്ങുന്നു) എന്നു ചൊല്ലുക. എന്നാൽ തൗബഃ സൂറത്തിൽ (9–ാം അദ്ധ്യായം) ബിസ്മി ചൊല്ലരുത്.
ഖുർആൻ 'തർത്തീൽ' ചെയ്യുക.(നിയമങ്ങൾ പാലിച്ചുകൊണ്ട് സാവകാശം ഓതുന്നതിനാണ് തർത്തീൽ എന്നു പറയുന്നത്).
- അർഥം ചിന്തിച്ചും സാരം ഗ്രഹിച്ചും ഓതുക. അതാണ് ഖുർആൻ പാരായണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യം. അർഥം അറിഞ്ഞില്ലെങ്കിലും പാരായണത്തിന് പ്രതിഫലം ലഭിക്കും.
- റഹ്മത്തിന്റെ ആയത്ത് ഓതിയാൽ സന്തോഷപൂർവ്വം റഹ്മത്ത് ചോദിക്കുകയും ശിക്ഷയുടെ✪ ആയത്ത് ഓതിയാൽ ഭയത്തോടെ രക്ഷ ചോദിക്കുകയും ചെയ്യുക.
- ഖുർആന്റെ താക്കീതുകൾ ചിന്തിച്ചും തന്റെ വീഴ്ചകൾ ഓർത്തും കരയുക.
- ശബ്ദഭംഗിയോടെ ഓതുക. പക്ഷേ, ഖുർആൻ കൊണ്ട് ഗാനം ആലപിക്കാൻ പാടില്ല.
- നിസ്കരിക്കുന്നവർക്കോ ഉറങ്ങുന്നവർക്കോ ശല്യം നേരിടുകയില്ലെങ്കിൽ ഉറക്കെ ഓതുക.
- ലോകമാന്യം വരുമെന്ന് കണ്ടാൽ പതുക്കെ ഓതുന്നതാണ് സുന്നത്ത്.
- ഖുർആൻ ഓതുന്നതിനിടയിൽ സംസാരിക്കുകയോ ചിരിക്കുകയോ അനാവശ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യാതിരിക്കുക.
- സജ്ദയുടെ ആയത്ത് ഓതിയാൽ സുജൂദ് ചെയ്യുക.
- ഖുർആൻ ഖത്മ് ചെയ്ത ഉടനെ ദുആഅ് ചെയ്യുക.
- ഒരു ഖത്മ് തീർന്നാൽ ഉടനെ മറ്റൊരു ഖത്മ് തുടങ്ങുക.

## ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠതകൾ

ഖുർആൻ പാരായണം വളരെ പുണ്യകരമായ ഒരു ഇബാദത്ത് (ആരാധന) ആണ്. അർഥം അറിയാതെ പാരായണം ചെയ്താലും പ്രതിഫലം ലഭിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. നബി (സ്വ) പറയുന്നു: ‘‘അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും ഒരു ഹർഫ് (അക്ഷരം) വല്ലവനും ഓതിയാൽ അത് അവന് ഒരു പുണ്യകർമ്മമാണ്. ഒരു പുണ്യകർമ്മത്തിന് പത്തു മടങ്ങ് പ്രതിഫലം ലഭിക്കും. 'അലിഫ് ലാം മീം' ഒന്നിച്ചു ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. അലിഫ് ഒരക്ഷരവും ലാം മറ്റൊരക്ഷരവും മീം

വേറെ ഒരക്ഷരവുമാണ്'' (തിർമിദി). അപ്പോൾ 'അലിഫ് ലാം മീം' ഓതുമ്പോൾ മുപ്പത് ഹസനത്തി (പുണ്യം) ന്റെ പ്രതിഫലം ലഭിക്കും.

ഇമാം നവവി (റ) പറയുന്നു:''വിശുദ്ധ ഖുർആൻ രാത്രിയും യാത്രയിലും അല്ലാത്തപ്പോഴും ശ്രദ്ധാപൂർവ്വം ഓതേണ്ടതാണ്. പൂർവ്വീകരായ മഹാന്മാർ ഖുർആൻ ഒരു ഖത്മ് (ഖുർആൻ മുഴുവനും ഓതുക) തീർക്കുന്നതിന് വ്യത്യസ്തമായ കാലയളവുകളാണ് സ്വീകരിച്ചിരുന്നത്. ചിലർ രണ്ടു മാസത്തിൽ ഒരു തവണയും വേറെ ചിലർ പത്തു ദിവസത്തിൽ ഒരു തവണയും ഖത്മ് ചെയ്തിരുന്നു. ഖത്മ് തീർക്കുന്നതിന് എട്ട്, ഏഴ്, ആറ്, നാല്, മൂന്ന് എന്നീ ദിവസങ്ങൾ സ്വീകരിച്ചവരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ ചില മഹാന്മാർ ഒരു രാപ്പകലിൽ രണ്ടു ഖത്മോ മൂന്ന് ഖത്മോ തീർക്കുന്നവരായിരുന്നു. ഒരു ദിവസത്തിൽ എട്ട് ഖത്മ് തീർത്ത ചിലരുമുണ്ട്'' (അൽ അദ്കാർ).

മഹാനായ അബൂലൈസ് (റ) പറയുന്നു: ഖുർആൻ കൂടുതൽ ഓതാൻ കഴിയില്ലെങ്കിൽ വർഷത്തിൽ രണ്ടു തവണ ഖത്മ് ചെയ്താൽ ഖുർആനിനോടുള്ള കടപ്പാട് നിറവേറ്റാം എന്നാണ് ഇമാം അബൂഹനീഫ (റ) പറഞ്ഞിട്ടുള്ളത്.

എന്നാൽ കാരണം കൂടാതെ ഖുർആൻ ഖത്മ് നാൽപത് ദിവസത്തേക്കാൾ പിന്തിക്കുന്നത് കറാഹത്താണെന്ന് ഇമാം അഹ്മദ് (റ) പറഞ്ഞിരിക്കുന്നു. നബി (സ്വ) പറയുന്നു: ''നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. ഖുർആൻ അതിന്റെ കൂട്ടുകാർക്ക് ശിപാർശകനായി പരലോകത്ത് വരും'' (മുസ്‌ലിം).

ഖുർആൻ പാരായണം കൊണ്ട് സമാധാനം വർദ്ധിക്കുമെന്നും ഖുർആൻ ഓതി കിടന്നാൽ അവന്റെ സംരക്ഷണത്തിനായി അല്ലാഹു മലകിനെ ഏർപ്പെടുത്തുമെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.

## ഖുർആനും നബിചര്യയും

അല്ലാഹുവിന്റെ വഹ്‌യ് ഇല്ലാതെ നബി (സ്വ) വല്ലതും പറയുകയോ പ്രവർത്തിക്കുകയോ അംഗീകാരം നൽകുകയോ ചെയ്യുകയില്ല. അല്ലാഹു പറയുന്നു: ''റസൂൽ നിങ്ങൾക്ക് നൽകിയത് സ്വീകരിക്കുക, അവിടുന്ന് നിങ്ങൾക്ക് വിരോധിച്ചത് വെടിയുകയും ചെയ്യുക'' (അൽ ഹശ്ർ: 7). ഖുർആനും സുന്നത്തുമാണ് നബി (സ്വ) സമുദായത്തിന് നൽകിയിട്ടുള്ളത്. ഖുർആനിന്റെ വ്യാഖ്യാനവും വിശദാംശവുമാണ് സുന്നത്ത്. പാരായണം ആരാധനയായി നിശ്ചയിക്കപ്പെട്ട മുഅ്ജിസായ കലാം ആണല്ലോ ഖുർആൻ. എന്നാൽ നബി (സ്വ) യുടെ വാക്ക്, പ്രവൃത്തി, മൗനാനുവാദം എന്നിവക്കാണ് സുന്നത്ത് എന്നു പറയുന്നത്.

സുന്നത്തിൽ ഒരു വിഭാഗമായ ഹദീസ് ഖുദ്സി അല്ലാഹുവിന്റെ വചനങ്ങളാണെങ്കിലും അതു ഖുർആനിൽ പെട്ടതല്ല. കാരണം അത് മുഅ്ജിസ് അല്ല. ഖുർആനും സുന്നത്തും അനുസരിച്ചു ജീവിച്ചു മരിക്കുന്ന സ്വാലിഹുകളിൽ അല്ലാഹു നമ്മെയും മാതാപിതാക്കളെയും ഉസ്താദുമാരെയും ഉൾപ്പെടുത്തട്ടെ. ആമീൻ.

## ഖുർആനിന്റെ അവതരണം

വിശുദ്ധ ഖുർആൻ ഏഴാം ആകാശത്തിനു മുകളിൽ സ്ഥിതി ചെയ്യുന്ന 'ലൗഹുൽ മഹ്ഫൂളി'ൽ (സൂക്ഷിപ്പുപലക) രേഖപ്പെടുത്തിയിരുന്നു. അവിടെ നിന്നും ഖുർആൻ ഒന്നിച്ചു ഒന്നാം ആകാശത്തിലെ 'ബൈത്തുൽ ഇസ്സ'യിലേക്ക് ഒന്നാമതായി ഇറക്കപ്പെട്ടു. വിശുദ്ധ റമളാനിലെ ഖദ്റിന്റെ രാത്രിയിലാണ് അതുണ്ടായത്. പിന്നീട് അവസരോചിതമായി ഇരുപത്തിമൂന്ന് സംവത്സരക്കാലത്തിനുള്ളിലായി ഖുർആൻ ബൈത്തുൽ ഇസ്സയിൽ നിന്ന് ജിബ്രീൽ (അ) മുഖേന നബി (സ്വ) ക്ക് അല്ലാഹു ഇറക്കിക്കൊടുത്തു. അപ്പോൾ ഖുർആനിനു രണ്ട് അവതരണം ഉണ്ടായിട്ടുണ്ട്. ഒന്നാം അവതരണം ആകാശവാസികളിൽ ഖുർആനിന്റെ മഹത്വം വിളംബരം ചെയ്യുന്നതിനു വേണ്ടിയായിരുന്നു. അവസരോചിതമായുള്ള രണ്ടാമത്തെ അവതരണത്തിൽ പല രഹസ്യങ്ങളും ഉണ്ട്.

ജിബ്രീലി (അ) ൽ നിന്ന് തിരുമേനിക്കും നബി (സ്വ) യിൽ നിന്ന് സ്വഹാബത്തിനും ഖുർആൻ ഹൃദിസ്ഥമാക്കൽ കൂടുതൽ എളുപ്പമാക്കുക.

വഹ്യുമായി ജിബ്രീൽ (അ) ഇടക്കിടെ വരുന്നതുകൊണ്ട് നബി (സ്വ) ക്ക് മനഃസമാധാനവും സന്തോഷവും വർദ്ധിക്കുക.

ഇസ്‌ലാമിക നിയമങ്ങൾ പടിപടിയായി നടപ്പിൽ വരുത്തുക.

അപ്പപ്പോഴുണ്ടാകുന്ന സംഭവങ്ങൾക്കനുസരിച്ചു വിധികൾ അവതരിപ്പിക്കുക.

**ഖുർആനിന്റെ ക്രമം**

» **വിശുദ്ധ ഖുർആനിനു രണ്ടു ക്രമമുണ്ട്.**

**ഒന്ന്:** തർത്തീബുത്തിലാവഃ (പാരായണ ക്രമം). ഇന്നു മുസ്ഹഫുകളിൽ കാണുന്നതും മുസ്‌ലിം ലോകം നാളിതുവരെ അംഗീകരിച്ചു വരുന്നതുമായ ക്രമമാണിത്. ഈ ക്രമത്തിലാണ് ഖുർആൻ ലൗഹുൽ മഹ്ഫൂളിൽ രേഖപ്പെടുത്തിയിട്ടുള്ളതും. .

**രണ്ട്:** തർത്തീബുൽ നുസൂൽ (അവതരണ ക്രമം). സംഭവങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ചാണ് ജിബ്രീൽ (അ) മുഖേന ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്. ഇതിനാണ് തർത്തീബുൽ നുസൂൽ എന്നു പറയുന്നത്. ഇത് തർത്തീബുത്തിലാവഃയിൽ നിന്നും വ്യത്യസ്തമാണ്. എങ്കിലും ഓരോ ആയത്തും അവതരിക്കുമ്പോൾ ഏത് സൂറത്തിൽ എവിടെ ചേർക്കണമെന്ന് ജിബ്രീൽ (അ) നബി (സ്വ) യെ പഠിപ്പിക്കുകയും നബി (സ്വ) അപ്രകാരം സ്വഹാബത്തിനെ പഠിപ്പിക്കുകയും ചെയ്തു. സൂറത്തുകളുടെ ക്രമവും ഇപ്രകാരം തന്നെയാണ്. ഖുർആനിൽ ആദ്യം ഇറങ്ങിയത് 'ഇഖ്റഅ് ബിസ്മി'യും അവസാനം ഇറങ്ങിയത് സൂറത്തുൽ ബഖറയിലെ 281-ാം സൂക്തവുമാണ്. ഇരുപത്തിമൂന്ന് വർഷക്കാലം കൊണ്ടാണ് ഖുർആനിന്റെ അവതരണം പൂർത്തിയായത്. ഖുർആനിൽ നിന്ന് ഹിജ്റക്കു മുമ്പ് ഇറങ്ങിയതിന് 'മക്കിയ്യ്' എന്നും ഹിജ്റക്കു ശേഷം ഇറങ്ങിയതിന് 'മദനിയ്യ്' എന്നും പറയുന്നു. ഉദാഹരണമായി സൂറത്തുൽ ഫാത്വിഹ മക്കിയ്യും സൂറത്തുൽ ബഖറ മദനിയ്യുമാണ്.

## ഖുർആനിനെ ആദരിക്കൽ

ലൗഹുൽ മഹ്ഫൂളിൽ എഴുതി സൂക്ഷിച്ചിട്ടുള്ള വിശുദ്ധ ഖുർആൻ അവിടെ നിന്ന് മഹാന്മാരായ മലകുകൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ എഴുതി വിശുദ്ധിയോടെ ഒന്നാം ആകാശത്ത് സൂക്ഷിച്ചിരിക്കുന്നു. വിശുദ്ധിയോടെ ആകാശത്ത് സൂക്ഷിക്കപ്പെട്ട ഈ ഖുർആൻ ഭൂമിയിലെ സത്യവിശ്വാസികളും ശുദ്ധിയോടു കൂടി മാത്രമെ കൈകാര്യം ചെയ്യാൻ പാടുള്ളൂ. അല്ലാഹു പറയുന്നു: ''ആദരണീയവും ഉന്നതവും പരിശുദ്ധവുമായ ഗ്രന്ഥങ്ങളിൽ മഹാന്മാരും പുണ്യാത്മാക്കളുമായ എഴുത്തുകാരുടെ

കൈകളിൽ അതു സ്ഥിതി ചെയ്യുന്നു'' (സൂറ അബസ:13–16), ''ശുദ്ധിയുള്ളവരല്ലാതെ ഖുർആൻ സ്പർശിക്കാൻ പാടില്ല'' (സൂറ അൽ വാഖിഅ:79).

വലിയ അശുദ്ധിയുള്ളവർ ഖുർആൻ ഓതാനോ തൊടാനോ ചുമക്കാനോ പാടുള്ളതല്ല. ചെറിയ അശുദ്ധിയുള്ളവർക്ക് ഓതൽ അനുവദനീയമാണെങ്കിലും തൊടലും ചുമക്കലും ഹറാം (നിഷിദ്ധം) ആണ്. എഴുത്ത് തൊടുന്നതുപോല തന്നെ മുസ്ഹഫിൽ എഴുത്തില്ലാത്ത ഭാഗവും അത് സൂക്ഷിച്ചിട്ടുള്ള ഉറയും ഖുർആൻ എഴുതിയിട്ടുള്ള ബോർഡ് മുതലായവയും വുളൂഅ് ഇല്ലാതെ തൊടൽ ഹറാമാണ്. എന്നാൽ, പഠനാവശ്യാർഥം വുളൂഅ് ഇല്ലാതെ വകതിരിവായ കുട്ടികൾ ഖുർആൻ തൊടുന്നതും ചുമക്കുന്നതും തടയപ്പെടേണ്ടതില്ല. ഖുർആൻ വകതിരിവ് ആകാത്ത കുട്ടികളുടെ കയ്യിൽ കൊടുക്കുന്നതും അറബിയല്ലാത്ത ഭാഷയിൽ എഴുതുന്നതും നാണയം മുതലായവ ഖുർആനിന്റെ അകത്ത് വെക്കുന്നതും അനാവശ്യമായി കീറി നശിപ്പിക്കുന്നതും ഖുർആൻ എഴുതിയ വസ്തുക്കൾ വിഴുങ്ങലും ഖുർആനിനു നേരെ കാൽ നീട്ടലും ഹറാമാണ്. ഖുർആൻ എഴുതി മായിച്ച പാനീയം കുടിക്കുന്നതും ബറകതിനു വേണ്ടി ഖുർആൻ എഴുതി ചുമക്കുന്നതും ഹറാമല്ല. അപ്രകാരം തന്നെ മുസ്ഹഫ് മറ്റു ചരക്കുകളോടൊപ്പം ചുമക്കാവുന്നതാണ്. ഖുർആനിനെക്കാൾ കൂടുതലെങ്കിൽ തഫ്സീർ ഗ്രന്ഥങ്ങൾ തൊടുകയും ചുമക്കുകയും ചെയ്യാവുന്നതാണ്. ഖുർആനിന്റെ ആദരവിനു ഭംഗം വരുമെന്ന് കാണുമ്പോൾ അതു മായിച്ചു കളയേണ്ടതാണ്. അതിനു സൗകര്യം ഇല്ലെങ്കിൽ കരിച്ചു കളയണം. അനാവശ്യമായി ഖുർആൻ കരിക്കാൻ പാടില്ല. ഖുർആൻ ഉയർന്ന സ്ഥലത്ത് സുരക്ഷിതമായും വൃത്തിയായും സൂക്ഷിക്കേണ്ടതാണ്. അലമാരയിൽ മുകൾ തട്ടിൽ എല്ലാ വസ്തുക്കൾക്കും മുകളിലാണ് ഖുർആൻ സൂക്ഷിക്കേണ്ടത്. ഇരിക്കുന്ന പീഠത്തിന്റെയോ കിടക്കുന്ന കട്ടിലിന്റെയോ ചുവട്ടിൽ മുസ്ഹഫോ അത് സൂക്ഷിച്ച പെട്ടിയോ വെക്കാൻ പാടുള്ളതല്ല.

## ക്ലോണിങ്ങും വിശുദ്ധ ഖുർആനും

ആധുനിക ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തലുകൾ വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്കു മുമ്പു പ്രഖ്യാപിച്ച പല കാര്യങ്ങളെയും ശരിവച്ചു കൊണ്ടിരിക്കുകയാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1999–ൽ പ്രസിദ്ധീകരിച്ച 'പാരമ്പര്യവും ക്ലോണിങ്ങും' എന്ന പുസ്തകത്തിൽ ഡോ. ബാലകൃഷ്ണൻ എഴുതുന്നു. ''പ്രത്യുത്പാദനത്തിന്റെയും വളർച്ചയുടെയും പൊതുരീതി എല്ലാവർക്കും അറിവുണ്ട്. പക്ഷേ, ലൈംഗിക പ്രത്യുൽപാദനത്തിൽ സ്ത്രീക്കും പുരുഷനും തുല്യ പങ്കുണ്ടെന്ന കാര്യം വളരെക്കാലം ശാസ്ത്രജ്ഞന്മാർക്കു പോലും അറിയില്ലായിരുന്നു'' .(4)

എന്നാൽ അടുത്തകാലം വരെ, മനുഷ്യസൃഷ്ടി പുരുഷ ബീജത്തിൽ നിന്നു മാത്രമാണെന്നായിരുന്നു ശാസ്ത്ര നിഗമനം. ഖുർആൻ 1,400 വർഷങ്ങൾക്കു മുമ്പുതന്നെ സ്ത്രീക്കും പുരുഷനും ശിശുവിന്റെ മൂലകോശത്തിൽ പങ്കുണ്ടെന്നു പഠിപ്പിക്കുകയുണ്ടായി.(5) പുരുഷന്റെയും സ്ത്രീയുടെയും ബീജാണ്ഡങ്ങളുടെ സങ്കലന ഫലമായുണ്ടാകുന്ന സിക്താണ്ഡത്തിൽ നിന്നാണു ശിശു ജനിക്കുന്നതെന്ന പുതിയ ശാസ്ത്ര സത്യത്തെ നേരത്തെതന്നെ അനാവരണം ചെയ്തുകൊണ്ട് വിശുദ്ധ ഖുർആൻ പറഞ്ഞു: ''നിശ്ചയമായും മനുഷ്യനെ നാം 'നുത്ഫതുൻ അംശാജി'ൽ നിന്ന്, അവനെ പരീക്ഷിക്കുവാനായി, സൃഷ്ടിച്ചിരിക്കുന്നു. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു''.(1) എന്താണു നുത്ഫതുൻ

അംശാജ്? പുരുഷന്റെ ബീജവും സ്ത്രീയുടെ അണ്ഡവും സംഗമിച്ചു സമ്മിശ്രമാകുന്ന ദ്രവ്യത്തിനാണു നുത്ഫതുൻ അംശാജ് എന്നു പറയുന്നത്. വിശ്രുത ഖുർആൻ വ്യാഖ്യാതാക്കളായ ഇക്രിമ, മുജാഹിദ്, ഹസൻ, റബീഅ് തുടങ്ങിയവർ നല്കിയ അർഥമാണിത്.(2) ഈ ഖുർആൻ വാക്യത്തിന്റെ ആശയം കൂടുതൽ വ്യക്തമാക്കുന്നതാണു താഴെ പറയുന്ന ഹദീസു സംഭവം: ഒരിക്കൽ ഒരു ജൂതൻ പ്രവാചകരുടെ സമീപത്തിലൂടെ നടക്കുകയുണ്ടായി. തിരുമേനി തന്റെ ശിഷ്യന്മാരോടു സംസാരിക്കുകയായിരുന്നു. അപ്പോൾ ഖുറൈശികൾ പറഞ്ഞു: ഹേ ജൂതാ, ഈ മനുഷ്യൻ പ്രവാചകനാണെന്നു വാദിക്കുന്നു. അപ്പോൾ ജൂതൻ പറഞ്ഞു: ''എങ്കിൽ ഒരു പ്രവാചകനല്ലാതെ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കാത്ത ഒരു കാര്യത്തെക്കുറിച്ചു ഞാൻ അദ്ദേഹത്തോടു ചോദിക്കും''. അനന്തരം ജൂതൻ വന്നു പ്രവാചകരുടെ ചാരത്തിരുന്ന് ഇപ്രകാരം ചോദിച്ചു: ഓ മുഹമ്മദ്, മനുഷ്യൻ എന്തിനാൽ സൃഷ്ടിക്കപ്പെടുന്നു? ''ജൂതാ, രണ്ടിൽ നിന്നും അവൻ സൃഷ്ടിക്കപ്പെടുന്നു. പുരുഷകോശത്തിൽ നിന്നും സ്ത്രീകോശത്തിൽ നിന്നും''.(3)

മനുഷ്യകുലത്തിൽ ഒരു ക്ലോണിങ് ശിശു പിറന്നുവെന്നത് ഇസ്ലാമിന് ഒരിക്കലും വെല്ലുവിളിയാകുന്നില്ല. ഇസ്ലാമിന്റെ ഏതെങ്കിലുമൊരു വിശ്വാസ പ്രമാണത്തിനോ അംഗീകൃത തത്വത്തിനോ അതു യാതൊരു വിധത്തിലും വെല്ലുവിളി സൃഷ്ടിക്കുന്നില്ല. പ്രത്യുത വിശുദ്ധ ഖുർആനിലെ ചില പ്രസ്താവനകൾക്ക് അത് ഉപോൽബലക മാവുകയാണു ചെയ്യുന്നത്. സ്ത്രീ പുരുഷസംഗമമോ ബീജാണ്ഡ സങ്കലനമോ കൂടാതെ മനുഷ്യ സൃഷ്ടി നടത്തുകയെന്നത് അസംഭവ്യമല്ലെന്ന് ആദം നബി (അ) ന്റെയും ഈസാ നബി (അ) ന്റെയും ജനനസംഭവം ചൂണ്ടിക്കാണിച്ചു കൊണ്ടു ഖുർആൻ പഠിപ്പിക്കുന്നു.

''അല്ലാഹുവിങ്കൽ ഈസായുടെ (സൃഷ്ടികർമ്മത്തിന്റെ) നിലപാട് ആദമിന്റേതു പോലെയാണ്. ആദമിനെ മണ്ണിൽ നിന്നവൻ രൂപപ്പെടുത്തി. എന്നിട്ട് ഉണ്ടാകൂ എന്ന് അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹമതാ ഉണ്ടാകുന്നു''.(1)

ആദിമ മനുഷ്യനായ ആദം നബി (അ) നെ അല്ലാഹു പിതാവും മാതാവുമില്ലാതെ സൃഷ്ടിച്ചപ്പോൾ ഈസാ നബി (അ) നെ അവൻ പിതാവില്ലാതെയാണു സൃഷ്ടിച്ചിരിക്കുന്നത്. ഇതു പ്രപഞ്ച സ്രഷ്ടാവു നടത്തിയ ക്ലോണിങ്ങാണെന്നു വേണമെങ്കിൽ പറയാം. മണ്ണിൽ നിന്ന് ആദമിനെ സൃഷ്ടിച്ച പരിണാമ പ്രജനനത്തെ ആലങ്കാരികമായി മാത്രം നമുക്കു ക്ലോണിങ് എന്നു പറയാം. എന്നാൽ മർയമിൽ നിന്ന് ഈസാ (അ) അവർകളെ സൃഷ്ടിച്ചതോ? വിഭജന പ്രജനനവും മുകുളന വുമൊക്കെ ക്ലോണിങ്ങിൽ പെടുത്താമെങ്കിൽ ഇതും ഒരു ക്ലോണിങ് തന്നെയാണെന്നു പറയാമല്ലോ.

ഇനി ഖുർആനിലെ മറ്റൊരു ക്ലോണിങ് പറയാം. ആദം നബി (അ) ന്റെ ശരീരത്തിൽ നിന്ന് ഒരു ഭാഗമെടുത്തു പ്രഥമ സ്ത്രീയും ദ്വിതീയ മനുഷ്യനുമായ ഹവ്വാ (അ) യെ അല്ലാഹു സൃഷ്ടിച്ചു. പുനരുൽപത്തിയും കായിക പ്രജനനവുമൊക്കെ ക്ലോണിങ്ങിന്റെ ഇനങ്ങളിൽ പെടുത്താമെങ്കിൽ ഇതും ഒരു ക്ലോണിങ്ങാണെന്ന കാര്യം വളരെ വ്യക്തം. ഇതിനെക്കുറിച്ചു വിശുദ്ധ ഖുർആൻ ഇപ്രകാരമാണു പറഞ്ഞിട്ടുള്ളത്:

''മനുഷ്യരേ, ഒരു വ്യക്തിയിൽ നിന്നു നിങ്ങളെ സൃഷ്ടിക്കുകയും അതിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവരിരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക.''(2)

ആദം (അ) ന്റെ വാരിയെല്ലിൽ നിന്നാണ് ഈ ക്ലോണിങ് നടത്തിയത്. വേദനയറിയാതിരിക്കാൻ അദ്ദേഹത്തെ തദവസരം അല്ലാഹു

ഉറക്കിക്കിടത്തിയിരുന്നു.(1) സ്ത്രീ ഒരു വാരിയെല്ലിൽ നിന്നു സൃഷ്ടിക്കപ്പെട്ടു എന്ന പ്രവാചകരുടെ പ്രസ്താവന ബുഖാരിയും മുസ്‌ലിമും (2) ഉദ്ധരിച്ചിട്ടുണ്ട്. പക്ഷേ, മനുഷ്യരുടെ ക്ലോണിങ്ങിന്റെ വൈകൃതങ്ങളോ ന്യൂനതകളോ സ്രഷ്ടാവിന്റെ ക്ലോണിങ്ങിലില്ല. ഇമാം റാസി (റ) പറയുന്നു: സകല മനുഷ്യരെയും ഒരു മനുഷ്യനിൽ നിന്നു സൃഷ്ടിക്കുകയെന്നതു കഴിവിന്റെ മികവിനു ഏറ്റം വലിയ തെളിവാകുന്നു. കാരണം, ഇക്കാര്യം കേവലം പ്രകൃതി മൂലമായിരുന്നുവെങ്കിൽ ഒരു മനുഷ്യനിൽ നിന്നുണ്ടായ സകലരും ആകൃതിയിലും പ്രകൃതിയിലും പരസ്പര സദൃശർ മാത്രമായേനേ. മനുഷ്യ വ്യക്തികളിൽ വെളുത്തവൻ, കറുത്തവൻ, ചുവന്നവൻ, തവിട്ടു നിറമുള്ളവൻ, സുന്ദരൻ, വിരൂപി, ദീർഘകായൻ, ഹ്രസ്വകായൻ എന്നിങ്ങനെ വൈവിധ്യം കാണുവാൻ നമുക്കു സാധ്യമായപ്പോൾ അവരുടെ സ്രഷ്ടാവും നിയന്താവും സ്വതന്ത്രനായ ഒരു പ്രവർത്തകനാണ്, യാന്ത്രിക നിമിത്തമോ പ്രകൃതി ശക്തിയോ അല്ല എന്നു നമുക്കു മനസ്സിലാക്കാൻ സാധിച്ചു. അപ്പോൾ അവൻ സർവ്വ ശക്തനും സർവ്വജ്ഞനുമാണെന്നു വന്നു. എങ്കിൽ അവന്റെ നിയമങ്ങളെയും വിധിവിലക്കുകളെയും അനുസരിക്കൽ അനിവാര്യമാണെന്നും വന്നു.(3)

ഇനി നടക്കാനിരിക്കുന്ന അത്ഭുതകരമായ മറ്റൊരു ക്ലോണിങ്ങിനെക്കുറിച്ചു വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. മണ്ണിൽ നിന്ന് ആവിർഭവിച്ച മനുഷ്യൻ മരിച്ചു മണ്ണടിഞ്ഞ ശേഷം, ഭൂമിയിൽ അവശേഷിക്കുന്ന അവന്റെ ഒരു ശരീര കോശത്തിൽ നിന്ന് അവനു പുനർജന്മം നൽകുകയാണ് പ്രസ്തുത ക്ലോണിങ്. വിശുദ്ധ ഖുർആൻ പലയിടങ്ങളിലായി പ്രപഞ്ചനം ചെയ്ത ഈ ഭവിഷ്യൽ സംഭവത്തിന്റെ സംഗ്രഹം ഈ വാക്യത്തിൽ വായിക്കാം:

‘‘ഭൂമിയിൽ നിന്നാണു നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്കു തന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽ നിന്നു തന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്തു കൊണ്ടു വരികയും ചെയ്യും’’.(4)

സസ്യബീജങ്ങൾ അനുകൂലസാഹചര്യം ലഭിക്കുമ്പോൾ മുളച്ചു പൊങ്ങുന്നതു പോലെ മരിച്ചു മണ്ണടിഞ്ഞ മനുഷ്യൻ അവന്റെ കോടിക്കണക്കിനു സെല്ലുകളിൽ നിന്ന് അല്ലാഹു അവശേഷിപ്പിച്ച പ്രത്യേകമായ ഒരു സൂക്ഷ്മ കോശത്തിൽ നിന്നു പുനർജന്മ സമയത്ത് ഉയിർത്തെഴുന്നേൽക്കുന്നു.

വളരെക്കുറഞ്ഞ താപത്തെപ്പോലെതന്നെ വളരെ വർദ്ധിച്ച താപവും വിത്തു മുളയ്ക്കുന്നതിനു പ്രാതികൂല്യം സൃഷ്ടിക്കുന്നു. ഈർപ്പത്തിന്റെ അഭാവത്തിൽ നിഷ്ക്രിയമായിക്കിടക്കുന്ന വിത്ത് വെള്ളം ലഭിക്കുമ്പോൾ മുളച്ചു പൊങ്ങുകയായി. അല്ലാഹു പറയുന്നു:

‘‘ഭൂമി വരണ്ടു നിർജീവമായിക്കിടക്കുന്നതായിട്ടു താങ്കൾക്കു കാണാം. എന്നാൽ അതിൽ നാം വെള്ളം വർഷിച്ചാൽ അതു പുളകം കൊള്ളുകയും വികസിക്കുകയും കൗതുകമുള്ള എല്ലായിനം ചെടികളെയും ഉത്പാദിപ്പിക്കുകയും ചെയ്യുന്നു’’.(1) ആരാണിവിടെ ബീജത്തെ മുളപ്പിക്കുന്നത്? സർവ്വശക്തനായ അല്ലാഹു തന്നെ. ചേതന വസ്തുവിൽ നിന്ന് അചേതന വസ്തുവെയും അചേതന വസ്തുവിൽ നിന്ന് ചേതന വസ്തുവെയും ഉത്പാദിപ്പിക്കുവാൻ കഴിവുള്ള സ്രഷ്ടാവ്.

‘‘ധാന്യ ബീജങ്ങളെയും ഈത്തപ്പഴവിത്തുകളെയും പിളർക്കുന്നവനാകുന്നു അല്ലാഹു, നിശ്ചയം. നിർജീവമായതിൽ നിന്നു ജീവനുള്ളതിനെ അവൻ പുറത്തുകൊണ്ടുവരുന്നു. ജീവനുള്ളതിൽ നിന്നു നിർജീവമായതിനെയും പുറത്തു കൊണ്ടു വരുന്നവനാണവൻ. എന്നിരിക്കെ, എങ്ങനെയാണു നിങ്ങൾ വഴിതെറ്റിക്കപ്പെടുന്നത്’’.(2)

ഇപ്രകാരം തന്നെയാണ് മനുഷ്യന്റെ പുനർജന്മത്തിന്റെയും കഥ. ശരീരത്തിലെ ശിഷ്ടമായ സൂക്ഷ്മകോശം അനേക സഹസ്രാബ്ദങ്ങൾ ഭൂമിയിൽ

അവശേഷിക്കുന്നു. പിന്നീടു പുനരുത്ഥാന സമയത്ത് ഒരു നേർത്ത മഴ വർഷിക്കുന്നു. അതോടെ പ്രസ്തുത കോശം വളരാൻ തുടങ്ങുന്നു. പുനരുത്ഥാനത്തിനുള്ള ആഹ്വാനം, അല്ലാഹുവിന്റെ കൽ പന പ്രകാരം ഇസ്റാഫീൽ അലൈഹിസ്സലാം നടത്തുമ്പോൾ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുന്നു. നബി (സ്വ) പറയുന്നു:

''സ്വൂറിൽ ഒന്നാമത്തെ പ്രഖ്യാപനത്തെത്തുടർന്ന് സകലജനങ്ങളും മരിച്ചു കഴിഞ്ഞാൽ അല്ലാഹു ഒരു നേർത്ത മഴ വർഷിപ്പിക്കുന്നു. അതുമൂലം മനുഷ്യ ശരീരങ്ങൾ മുളയ്ക്കുകയായി. പിന്നീടു സ്വൂറിൽ മറ്റൊരു പ്രഖ്യാപനവും കൂടി ഉണ്ടാകുന്നു അപ്പോൾ അവരതാ എഴുന്നേറ്റു കണ്ണുമിഴിച്ചു നോക്കുന്നു''.(1) വിശുദ്ധ ഖുർആൻ പറയുന്നു:

''അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ഫലങ്ങൾ നോക്കുക. ഭൂമി നിർജീവമായിക്കഴിഞ്ഞതിനു ശേഷം എങ്ങനെയാണ് അതിനെ അവൻ സജീവമാക്കുന്നത്? അതു ചെയ്യുന്നവൻ മരിച്ചവരെ ജീവിപ്പിക്കുന്നവൻ തന്നെ, നിശ്ചയം. അവൻ എല്ലാറ്റിനും കഴിവുറ്റ മഹാശക്തനത്രേ''.(2)

അനേകായിരം സംവത്സരങ്ങൾ നിഷ്ക്രിയമായിക്കിടന്ന ഒരു കോശം പിന്നീടു സജീവമായി ഉയിർത്തെഴുന്നേൽക്കുന്നത് ഇന്നു ശാസ്ത്രദൃഷ്ട്യാ വിദൂരമല്ല. ബീജങ്ങൾക്കും വിത്തുകൾക്കും പ്രതികൂല സാഹചര്യങ്ങളെ അനേക സംവത്സരങ്ങൾ തരണം ചെയ്യുവാനും പിന്നീട് അനുകൂല സാഹചര്യം ലഭിക്കുമ്പോൾ മുളച്ചു വരുവാനും സാധിക്കും. സർവ്വാംഗീകൃതമായ ഈ ശാസ്ത്രീയ സത്യം ബ്രിട്ടാനിക്കാ സർവ്വ വിജ്ഞാന കോശം ഇപ്രകാരം രേഖപ്പെടുത്തുന്നു:(There are seeds and spores that remain, so far as is known, perfectly dormant and totally without metabolic activity at low temperatures for hundreds, perhaps thousands of years).(3) അറിയപ്പെട്ടതനുസരിച്ച്, പൂർണ്ണമായും നിദ്രാവസ്ഥ പൂണ്ടും പരിണാമ പ്രവർത്തനങ്ങൾ തീരെയില്ലാതെയും വളരെക്കുറഞ്ഞ താപാവസ്ഥയിൽ നൂറ്റാണ്ടുകളോളം, ഒരുവേള സഹസ്രാബ്ദങ്ങളോളം തന്നെ അവശേഷിക്കുന്ന വിത്തുകളും ബീജങ്ങളുമുണ്ട്.(4)

ജനിതകശാസ്ത്രത്തിന്റെ ആഗമം ഈ പുനരുത്ഥാന തത്വത്തെ കുറച്ചു കൂടി ശാസ്ത്ര സങ്കേതത്തിൽ വച്ചുതന്നെ വ്യക്തമാക്കിത്തരുന്നു. മനുഷ്യൻ മരിച്ചു മണ്ണടഞ്ഞതിനു ശേഷം അവന്റെ ഒരു സൂക്ഷ്മ ഭാഗം അവശേഷിക്കുമെന്ന് പറഞ്ഞുവല്ലോ. അതിൽ നിന്നാണു പിന്നീട് അവന്റെ പുനർജന്മവും പുനഃസംഘാടനവും ഉണ്ടാകുന്നത്. നബി(സ്വ) പറയുന്നു:

''മനുഷ്യശരീരത്തിൽ നിന്ന് ഒരു അസ്ഥിഭാഗമൊഴിച്ചു മറ്റുള്ളതെല്ലാം നശിക്കുക തന്നെ ചെയ്യും. ആ നശിക്കാത്ത ഭാഗം 'ഉജ്ബുദ്ദനബ്' ആകുന്നു. അതിൽ നിന്നാണ് അന്ത്യദിനം സൃഷ്ടി പുനഃസംഘാടനം നടത്തപ്പെടുന്നത്''.(1) എന്താണ് ഉജ്ബുദ്ദനബ്, അല്ലാഹുവിന്റെ പ്രവാചകരേ? എന്നു ചോദിക്കപ്പെട്ടു. അവിടുന്നു പറഞ്ഞു: ''അതൊരു കടുകു മണിപോലുള്ള ഭാഗമാണ്''.(2) നട്ടെല്ലിന്റെ അടിഭാഗത്തുള്ള അതിസൂക്ഷ്മമായ അസ്ഥി ഭാഗമാണ് ഇത്. നാൽക്കാലികളുടെ വാൽക്കുറ്റിയുടെ സ്ഥാനത്താണതിരിക്കുന്നത്.(3)

ഒരു ബീജ കോശത്തിൽ നിന്ന് ഒരു വൃക്ഷത്തെ ഉൽപാദിപ്പിക്കുന്നതു പോലെയും സിക്താണ്ഡം എന്ന ഏക കോശത്തിൽ നിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുന്നതു പോലെയുമാണ് ഇതെന്നു പറയാം. ആധുനിക ശാസ്ത്രത്തിന്റെ ക്ലോണിങ് സങ്കേതത്തിലേക്കു കയറി ഒരു ശരീര കോശത്തിൽ നിന്ന് ഒരു മനുഷ്യനെ ക്ലോൺ ചെയ്യുന്ന പ്രക്രിയയാണ് എന്നും പറയാവുന്നതാണ്. ഇതപര്യന്തം പറഞ്ഞതിന്റെ ഉദ്ദേശ്യം ലൈംഗിക കോശങ്ങളുടെ സങ്കലനമില്ലാതെ ഒരു ശിശു പിറക്കുകയെന്നത്

വിശുദ്ധ ഖുർആനിനോ അതു പ്രതിനിധാനം ചെയ്യുന്ന ദൈവ വിശ്വാസത്തിനോ മതത്തിനോ വെല്ലുവിളിയാകുന്നില്ല എന്നതാണ്.

## ഇസ്‌ലാമിലെ പാരിസ്ഥിതിക മൂല്യങ്ങൾ

ഖുർആൻ, പ്രവാചകചര്യ എന്നീ പ്രാഥമിക സ്രോതസ്സുകളിൽ നിന്നും പ്രവാചക ശിഷ്യന്മാരുടെ നടപടികൾ, ആദ്യകാല മതപണ്ഡിതന്മാരുടെ പഠനങ്ങൾ, ആത്മീയാചാര്യന്മാരുടെ മൊഴികൾ, മതനിയമഗ്രന്ഥങ്ങൾ തുടങ്ങിയ ദ്വിതീയ സ്രോതസ്സുകളിൽ നിന്നും ഇസ്‌ലാമിന്റെ പരിസ്ഥിതി പാഠങ്ങൾ വിശദമായി ഗ്രഹിക്കാൻ സാധിക്കും. പരിസ്ഥിതിയെ സംബന്ധിച്ച ആധുനിക ചർച്ചകളുടെ പശ്ചാതലത്തിൽ ഈ വിഷയം പര്യാലോചനാ വിഷയമാക്കിയ ശ്രദ്ധേയരായ എഴുത്തുകാരാണ് സയ്യിദ് ഹുസൈൻ നസ്‌റ്. സിയാവുദ്ദീൻ സർദാർ, പർവേസ് മൻസ്വൂർ, എസ്.ഡബ്ല്യു.എ. ഹുസൈനി തുടങ്ങിയവർ.

### » അടിസ്ഥാന സമീപനം

ഖുർആന്റെ വീക്ഷണത്തിൽ ഭൂമിയിൽ മനുഷ്യൻ യാദൃഛികമായി പിറന്നതല്ല. വ്യക്തമായ ഉദ്ദേശ്യത്തോടെ ദൈവം മനുഷ്യരെ സൃഷ്ടിക്കുകയാണു ചെയ്തത്. മനുഷ്യനുവേണ്ടിയാണ് ഭൂമിയെ സൃഷ്ടിച്ചത്. ഖുർആനിൽ ഈ ആശയം ഇങ്ങനെ വായിക്കാം: ‘അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്.... ഞാനിതാ ഭൂമിയിൽ ഒരു ഖലീഫഃയെ നിയോഗിക്കാൻ പോവുകയാണ് എന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം’ (വി.ഖു. 2: 29, 30).

ഭൂമിയിലെ ദൈവത്തിന്റെ ‘ഖലീഫഃ’ എന്ന മഹത്തായ പദവിയാണ് മനുഷ്യനുള്ളത്. പ്രകൃതിയുമായുള്ള മനുഷ്യന്റെ ഏതൊരു തരം ഇടപെടലും തന്റെ ഉത്തരവാദിത്വവുമായി പൊരുത്തപ്പെടുന്നതാകണം. പ്രകൃതിയെ ഈശ്വരസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ഇടി, മിന്നൽ, മഴ, സൂര്യൻ, ചന്ദ്രൻ, അഗ്നി തുടങ്ങിയ പ്രകൃതിയിലെ വസ്തുക്കളെയും പ്രതിഭാസങ്ങളെയും ആരാധിക്കുകയും ചെയ്യുന്ന പ്രാഗ്മത സങ്കൽപങ്ങളെ ഇസ്‌ലാം തിരുത്തുന്നു. മനുഷ്യനുവേണ്ടി ദൈവം ഒരുക്കിയ ഒരു സംവിധാനമാണ് പ്രകൃതി എന്ന് ഖുർആൻ ഖണ്ഡിതമായി പ്രഖ്യാപിച്ചു. അല്ലാഹുവിന്റെ ഏകത്വത്തിനു നിരക്കാത്ത ആശയങ്ങളെയെല്ലാം ഇസ്‌ലാം തിരസ്കരിക്കുന്നു.
ഉത്തരവാദിത്ത ബോധത്തോടെ പ്രവർത്തിക്കാൻ കടപ്പെട്ടവനാണ് മനുഷ്യൻ എന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. പ്രകൃതി അവന്റെ കൈയിൽ ലഭിച്ച അമാനത്ത് (സൂക്ഷിപ്പു സ്വത്ത്) ആണെന്നും ഇസ്‌ലാം സമർഥിക്കുന്നു. പ്രകൃതിയിൽ തന്നിഷ്ടം പ്രവർത്തിക്കാൻ മനുഷ്യന് അവകാശമില്ല. ഇതാണ് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധ ത്തെക്കുറിച്ച ഇസ്‌ലാമിന്റെ അടിസ്ഥാന സമീപനം.

### » അക്രമത്തിനും അമിതവ്യയത്തിനും വിലക്ക്

ഭൂമിയിൽ മനുഷ്യന് ഏർപ്പെടാൻ കഴിയുന്ന എല്ലാവിധ അക്രമ പ്രവർത്തനങ്ങളെയും ഇസ്‌ലാം വിലക്കുന്നു. ദൈവത്തിൽ പങ്കുചേർക്കുകവഴി ദൈവത്തോടും ഉപദ്രവിക്കുക

വഴി മനുഷ്യരോടും സൗകര്യങ്ങളെ ദുർവിനിയോഗം ചെയ്യുക വഴി പ്രകൃതിയോടും ജീവജാലങ്ങളോടും ക്രൂരതകാണിക്കുക വഴി ഭൂമിയുടെ മറ്റവകാശികളോടും സ്വന്ത ത്തിനു ഹാനികരമായ പ്രവർത്തനങ്ങൾ വഴി തന്നോടു തന്നെയും മനുഷ്യൻ അക്രമം ചെയ്യുന്നു്. 'മനുഷ്യന്റെ പ്രവർത്തന ഫലമായി കരയിലും കടലിലും കുഴപ്പം പ്രകമൊ യിരിക്കുന്നു' എന്നാണ് ഖുർആന്റെ (30: 41) തന്നെ നിരീക്ഷണം. മനുഷ്യന്റെ ഈദൃശ അക്രമ പ്രവൃത്തികൾ കാരണം അവന്റെ വംശത്തെ ഒന്നടങ്കം ദൈവം നശിപ്പിക്കാത്തത് അവനുനേരത്തെ നിശ്ചയിച്ച അവധി പൂർത്തീകരിക്കാൻ ദൈവം ഇച്ഛിക്കുന്നതിനാലാണെന്നും ഖുർആൻ പറയുന്നു. 'അല്ലാഹു മനുഷ്യരെ അവരുടെ അക്രമം മൂലം പിടികൂടുകയായിരുന്നെങ്കിൽ ഭൂമുഖത്ത് യാതൊരു ജീവിയെയും അവൻ ബാക്കി വെക്കുമായിരുന്നില്ല. എന്നാൽ നിർണിതമായ ഒരവധിവരെ അവർക്കവൻ സമയം നൽകിയിരിക്കുകയാണ്' (16/61).

'നിങ്ങളിൽ ആർ അക്രമം ചെയ്തുവോ അവരെ നാം ഗുരുതരമായ ശിക്ഷ ആസ്വദി പ്പിക്കുന്നതാണ്.' എന്ന് ഖുർആൻ (25/19) താക്കീതു ചെയ്യുന്നു. തിരുനബി അരുളി: അക്രമിയെ കണ്ടിട്ടും ആളുകൾ അയാളുടെ കൈക്കു പിടിക്കുന്നില്ലെങ്കിൽ അല്ലാഹു അവരെ ഒന്നടങ്കം ശിക്ഷിച്ചേക്കാം' (അബൂദാവൂദ്). ഒരാളോ ഒരുകൂട്ടമാളുകളോ ചെയ്തുകൂട്ടുന്ന അക്രമങ്ങളുടെ ദുരന്തഫലം അതുചെയ്യുന്നവരെ മാത്രമല്ല ബാധിക്കുക. പ്രസ്തുത അന്യായത്തെയും അക്രമത്തെയും പ്രതിരോധിക്കാതെ നിസ്സംഗരായി നിന്ന വരെയും അതിന്റെ കെടുതികൾ ബാധിക്കുമെന്ന് ഖുർആൻ ഓർമപ്പെടുത്തുന്നു: 'നിങ്ങൾ ഫിത്നയെ കരുതിയിരിക്കുക. നിങ്ങളിൽ അക്രമം പ്രവർത്തിച്ചവരെ മാത്രമായല്ല അത് പിടികൂടുക' (8/25).

അക്രമത്തിന്റെ നാനാർഥങ്ങൾ ഖുർആനും പ്രവാചക ചര്യയും വിശദീകരിക്കുന്നുണ്ട്. കപ്പലിന് ദ്വാരമിടുന്നവൻ മാത്രമല്ല കപ്പലിൽ വെള്ളം കയറി ചാവുക എന്ന് തിരുനബി മുകളിൽ ഉദ്ധരിച്ച ഖുർആൻ സൂക്തത്തിന്റെ വിശദീകരണമായി ഒരുപമ നൽകിയിട്ടുണ്ട്. തലക്കു വെളിവില്ലാത്തവൻ കപ്പലിന് ദ്വാരമുണ്ടാക്കുന്നതു നിസ്സംഗ ഭാവേന നോക്കി നിന്നവനും കപ്പൽ മുങ്ങുമ്പോൾ മുങ്ങിച്ചാകും. പ്രകൃതിയുടെ കാര്യത്തിനും പ്രവാചകന്റെ ഈ ഉപമ ബാധകമാകുന്നു. വനങ്ങൾ വെട്ടിനശിപ്പിച്ചും മലകളും കുന്നുകളും ഇടിച്ചു നിരപ്പാക്കിയും ഭൂമിയുടെ മേൽ മർദം പെരുപ്പിക്കുന്ന വൻകിട ഡാമുകൾ പണിതും അരുവികളും ജലാശയങ്ങളും മലിനമാക്കിയും പ്രകൃതിയാകുന്ന കപ്പലിനു ദ്വാരമുണ്ടാക്കുന്നവരും അത്തരം അക്രമങ്ങളെ തടയാതെ മാറിനിൽക്കുന്നവരും ഒരുപോലെ അതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ്.

അമിതമായ ഉപഭോഗത്വരയും അതിരുകടന്ന ആസക്തിയും ആഡംബര പ്രിയവുമാണ് പരിസ്ഥിതിക്കു വിനാശകരമായ പ്രവർത്തനങ്ങളിൽ ഏർപെടാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്. ഇത്തരം പ്രേരണകളെയും ഇസ്ലാം കർശനമായി നിരോധിക്കുന്നു.
'നിങ്ങൾ ആഹാരം കഴിക്കുകയും കുടിക്കുകയും ചെയ്യുക. പരിധി കവിയരുത്. നിശ്ചയം, പരിധി ലംഘിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.' (7/31) 'ധൂർത്തടിക്കരുത്. ധൂർത്തന്മാർ ചെകുത്താന്മാരുടെ സഹോദരങ്ങളാണ്. തന്റെ നാഥനോട് കൃതഘ്നത കാണിക്കുന്നവനാകുന്നു ചെകുത്താൻ' (17/26, 27). ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ കഴിയാതെ ആർത്തിപിടിച്ച വിഭവവേട്ടക്ക് മനുഷ്യൻ ഇറങ്ങിത്തിരിക്കുന്നതാണ് പരിസ്ഥിതിക്കേൽക്കുന്ന പല പരിക്കുകൾക്കും വഴിമരുന്നാ കുന്നതെന്നു വ്യവസായ യുഗത്തിന്റെയും കൊളോണിയലിസത്തിന്റെയും ചരിത്രം

അസന്നിഗ്ധമായി പഠിപ്പിക്കുന്നു. ഉപഭോഗത്തിൽ മിതത്വവും നിരാഡംബര ജീവിതവുമാണ് പ്രകൃതിയുടെ സന്തുലിതത്വ പാലനത്തിന് അഭികാമ്യം.

### » നീതിയും സന്തുലിതത്വവും

പരിസ്ഥിതിയെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ നിർണായക പ്രാധാന്യമുള്ള രണ്ട് പരികൽപ്പനകളാണ് നീതിയും സന്തുലിതത്വവും. നീതി ഇസ്‌ലാമിന്റെ അടിസ്ഥാന ഭാവമാണ്. ഖുർആന്റെ പ്രധാന പ്രമേയങ്ങളിലൊന്നാണ് അദ്ൽ അഥവാ നീതി. അല്ലാഹുവിന്റെ നീതിനിഷ്ഠയെയും പ്രാപഞ്ചിക നീതിയെയും കുറിച്ച് ഖുർആൻ നിരന്തരം ഉദ്ബോധിപ്പിക്കുന്നു. പൂർണാർഥത്തിൽ നീതിമാന്മാരായിരിക്കുക എന്ന് മനുഷ്യരോടും ഖുർആൻ ആഹ്വാനം ചെയ്യുന്നു.

സാമൂഹിക ബന്ധങ്ങളിൽ മാത്രമല്ല ഇസ്‌ലാം മനുഷ്യരിൽ നിന്നു നീതി താത്പര്യപ്പെടുന്നത്. സത്യത്തോടും നന്മയോടുമുള്ള വ്യക്തിയുടെ പ്രതിബദ്ധത വൈയക്തിക നീതിയായി ഇസ്‌ലാമിക തത്വചിന്തകന്മാർ കാണുന്നു. പ്രകൃതിയോടും ഇതര ജീവജാലങ്ങളോടുമുള്ള വ്യക്തിയുടെ ബന്ധവും ഇതേ നീതിയുടെ താത്പര്യങ്ങൾക്കനുസരിച്ചാകണം നിർണയിക്കപ്പെടുന്നത്. ഉണങ്ങുന്ന ചെടിയോട് മനുഷ്യൻ ചെയ്യേണ്ട നീതി അതിനു വെള്ളമൊഴിച്ചു കൊടുക്കുക എന്നതാണ്. പക്ഷികളോട് മനുഷ്യൻ ചെയ്യേണ്ട നീതി അവ ചേക്കേറുന്ന മരങ്ങൾ വെട്ടിമുറിക്കാതിരിക്കുക എന്നതും.

സന്തുലിതത്വം എന്ന ഇസ്‌ലാമിന്റെ മൗലിക കാഴ്ചപ്പാടും പരിസ്ഥിതിയുമായുള്ള മനുഷ്യബന്ധം നിർണയിക്കുന്നതിൽ പ്രധാനമാണ്. സന്തുലിത സമീപനത്തിന്റെ പ്രാധാന്യം ഖുർആന്റെ ഈ അനുശാസനത്തിൽ നിന്നു ഗ്രഹിക്കാം. 'കൈപിരടിയിൽ ബന്ധിക്കുകയോ പൂർണമായി അയച്ചിടുകയോ അരുത്. അങ്ങനെ ചെയ്താൽ നീ നിന്ദ്യനും ദുഃഖിതനുമായിത്തീരും'(17/29). കൈ പിരടിയിൽ ബന്ധിക്കുക എന്നത് ലുബ്ധിന്റെ ആലങ്കാരിക പ്രയോഗമാണ്. കൈ അയച്ചിടുന്നത് മുൻപിൻ നോക്കാതെയുള്ള ചെലവഴിക്കലിന്റെയും. രണ്ടിനെയും നിരുത്സാഹപ്പെടുത്തുന്ന ഇസ്‌ലാം മധ്യമ നിലപാട് സ്വീകരിക്കാൻ ആവശ്യപ്പെടുന്നു. ദൈനംദിന ജീവിത വ്യവഹാരങ്ങൾക്കു മാത്രം ബാധകമായതല്ല ഈ തത്വം. പ്രത്യുത ജീവിത സമീപനത്തെ മുഴുവൻ ഈ തത്വം സ്വാധീനിക്കേണ്ടതുണ്ട്. രാത്രി മുഴുവൻ പ്രാർഥിക്കും, എല്ലാദിവസവും നോമ്പെടുക്കും, സ്ത്രീ സംസർഗം ഉപേക്ഷിക്കും എന്നിങ്ങനെ പ്രവാചക പത്നി ആഇശ:(റ) യുടെ സാന്നിധ്യത്തിൽ പ്രതിജ്ഞ ചെയ്ത മൂന്നു പേരെ പ്രവാചകൻ വിളിപ്പിക്കുകയും അവരെ അവരുടെ പ്രതിജ്ഞയിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണ്. സ്വശരീരത്തിനും മറ്റുള്ളവർക്കുമുള്ള അവകാശങ്ങൾ പൂർത്തീകരിക്കാൻ ഓരോരുത്തരും ബാധ്യസ്ഥരാണെന്ന് നബി സർവസംഗ പരിത്യാഗിയായിക്കഴിഞ്ഞ ഒരു ശിഷ്യനെ ഉപദേശിച്ചു. ഇസ്‌ലാം വിഭാവന ചെയ്യുന്ന സന്തുലിതത്വ സമീപനത്തെയാണ് ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നത്. എല്ലാകാര്യങ്ങൾക്കും ബാധകമാണ് ഈ സമീപനം. പ്രകൃതിയിലെ വിഭവങ്ങൾ ഒട്ടും ഉപയോഗിക്കരുതെന്ന് ഇസ്‌ലാം ശഠിക്കുന്നില്ല. എന്നല്ല, മനുഷ്യന്റെ ഉപയോഗത്തിനു വേണ്ടിയാണ് അല്ലാഹു അവ സൃഷ്ടിച്ചിരിക്കുന്നത് എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. അതേസമയം, വിഭവങ്ങൾ യഥേഷ്ടം ഉപയോഗിച്ച് തുലക്കാൻ അവൻ അനുവദിക്കപ്പെടുന്നുമില്ല. ആവശ്യത്തിൽ കവിഞ്ഞുള്ള ഉത്പാദനവും ഉപഭോഗവുമാണ് പ്രകൃതിയുടെ താളംതെറ്റിക്കു ന്നതെന്നത് വ്യക്തമാണ്. ഉപയോഗിച്ചു വലിച്ചെറിയുന്ന പടിഞ്ഞാറൻ സമ്പ്രദായത്തിനും ഇസ്‌ലാമിന്റെ കാഴ്ചയിൽ നീതീകരണമില്ല.

ഭൂമിയിൽ അഹങ്കാരത്തോടെ നടക്കരുതെന്നും ഖുർആൻ അനുശാസിക്കുന്നു. ജ്ഞാനി വര്യനായ ലുഖ്മാൻ മകനു നൽകിയ ഉപദേശം ഖുർആൻ ഉദ്ധരിക്കുന്നു: '..... ഭൂമിയിൽ നീ അഹങ്കാരത്തോടെ നടക്കരുത്. ദുരഭിമാനിയെയും പൊങ്ങച്ചക്കാരനെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നടത്തത്തിൽ മിതത്വം പാലിക്കുക. ശബ്ദം പതുക്കെയാക്കുക. ഏറ്റവും വെറുപ്പുളവാക്കുന്ന ശബ്ദം കഴുതയുടേതാണ്' (31/18, 19). ഭൂമിയിൽ വിനയാന്വിതർക്കാണ് സമാധാനം. അഹങ്കാരത്തിന്റെ നെടുംഗോപുരങ്ങൾ പണിതാണ് മനുഷ്യൻ പ്രകൃതിയുടെ താളംതെറ്റിക്കുന്നത്.

### » ദൈവികദൃഷ്ടാന്തമായ പ്രകൃതി, പവിത്രമായ ഭൂമി

പ്രപഞ്ചത്തെ മുഴുവൻ അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തമായും മനുഷ്യന് ആവാസ വ്യവസ്ഥയായി അല്ലാഹുനിശ്ചയിച്ചിട്ടുള്ള ഭൂമി പവിത്രമായ വാസസ്ഥല മായും ഇസ്‌ലാം പഠിപ്പിക്കുന്നു. പരിസ്ഥിതിയോടുള്ള സമീപനത്തിൽ ഈ രണ്ട് പരികൽപ്പനകൾക്കും സവിശേഷമായ പ്രാധാന്യമുണ്ട്. അല്ലാഹുവിന്റെ ദൃഷ്ടാന്തമായ പ്രകൃതി ആദരവർഹിക്കുന്നു. അത് അക്രമിച്ചു കീഴൊതുക്കേണ്ട ശത്രുവല്ല. ക്രൈസ്തവ ദർശനത്തിലേതു പോലെ ഇസ്‌ലാമിൽ ഭൂമി 'പാപം' ചെയ്ത മനുഷ്യന്റെ 'പതന'സ്ഥാനമല്ല. ഭൂമിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക സൃഷ്ടിയാണ് മനുഷ്യൻ. ഭൂമി പരിശുദ്ധമാണ്. 'ഭൂമി മുഴുവൻ വിശ്വാസികൾക്ക് പള്ളിയാണ്.' എന്ന് തിരുനബി അരുളിയിട്ടുണ്ട്. മണ്ണുപയോഗിച്ച് നമസ്കാരത്തിനു അംഗശുദ്ധി വരുത്താം. മനുഷ്യൻ മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടവനും മണ്ണിലേക്ക് മടങ്ങുന്നവനുമാണെന്നു ഖുർആൻ.

'ഭൂമിയെ നിങ്ങൾക്കൊരു വിരിപ്പും പർവതങ്ങളെ തൂണുകളുമാക്കിത്തന്നില്ലേ?' (ഖുർആൻ 78:6,7) എന്ന ചോദ്യം ചിന്തയെ അഗാധമായി സ്വാധീനിക്കാൻ പര്യാപ്ത മാണ്. 'നിങ്ങൾക്കവൻ ഭൂമിയെ ഇണക്കമുള്ളതാക്കിത്തന്നു. നിങ്ങൾ അതിന്റെ ഇടങ്ങ ളിൽ സഞ്ചരിക്കുകയും അതിലെ ആഹാരങ്ങൾ ഭക്ഷിക്കുകയും ചെയ്യുക' (ഖുർആൻ 67/15) എന്നും മനുഷ്യനോട് ഖുർആൻ ആവശ്യപ്പെടുന്നു.

വിശുദ്ധ ഖുർആനിലുടനീളം പ്രകൃതി ഒരു സജീവ സാന്നിധ്യമാണ്. മരങ്ങളും ചെടികളും മലകളും കുന്നുകളും മരുഭൂമികളും മരുപ്പച്ചയും ജീവജാലങ്ങളും കൃഷിയും സമുദ്രവും അരുവികളും കാറ്റും പരാഗണവും ഖുർആനിൽ നിരന്തരം പരാമർശിക്കപ്പെ ടുന്നു. മനുഷ്യനെ പ്രകൃതിയുമായി ഇണക്കുകയും അവന്റെ ശ്രദ്ധയെ പ്രകൃതിയുടെ അത്ഭുതങ്ങളിലേക്കും രഹസ്യങ്ങളിലേക്കും ആകർഷിക്കുകയുമാണ് ഖുർആൻ ചെയ്യുന്നത്. പ്രകൃതിയുമായി പൊരുത്തപ്പെടുന്ന ജീവിതക്രമമാണ് മനുഷ്യൻ രൂപപ്പെടുത്തേണ്ടതെന്നു ഇസ്‌ലാം താത്പര്യപ്പെടുന്നു. മനുഷ്യനു ഹാനികരമായതെല്ലാം ഇസ്‌ലാം വിലക്കി. നല്ലത് അനുവദിക്കുകയും ചെയ്തു.

### » ഭൂമിയെ ഹരിതാഭമാക്കുക

ഭൂമിയിൽ കൃഷി ചെയ്യാനും ഫലവൃക്ഷങ്ങളും തണൽ മരങ്ങളും വച്ചുപിടിപ്പിക്കാനും പ്രവാചകൻ അണികളെ ഉപദേശിച്ചു. അനസ്(റ) എന്ന പ്രവാചക ശിഷ്യൻ നബിയിൽ നിന്ന് ഉദ്ധരിക്കുന്നു: 'ഒരു മുസ്‌ലിം ചെടി നടുകയോ കൃഷിയിറക്കുകയോ ചെയ്യുകയും പക്ഷിയും മൃഗവും അതിൽ നിന്നു ഭക്ഷിക്കുകയും ചെയ്താൽ അത് അവനൊരു സ്വദഖ(പുണ്യകരമായ ദാനം) ആയി മാറാതിരിക്കുകയില്ല.' വിളയോ ഫലങ്ങളോ മോഷണം പോയാലും സ്വദഖയായി പരിഗണിക്കപ്പെടുമെന്നു മറ്റൊരു നിവേദനത്തിലുണ്ട്.

തിരുനബി പറഞ്ഞു: 'ആർക്കെങ്കിലും സുഗന്ധച്ചെടി കിട്ടിയാൽ ഒഴിവാക്കരുത്. അത് ഭാരമില്ലാത്തതും സുഗന്ധമുള്ളതുമാണല്ലോ' (ബൈഹഖി).

മുപ്പതിൽപ്പരം ചെടികളെയും അവയുടെ ഔഷധഗുണങ്ങളെയും സംബന്ധിച്ചു ഹദീസുകളിൽ പരാമർശമുണ്ട്. പല ചെടികളും നശിപ്പിക്കുന്നതിനെ പ്രവാചകൻ വിലക്കുകയും ചെയ്തു. യുദ്ധത്തിൽ പോലും ശത്രുക്കളുടെ തോട്ടങ്ങളും വൃക്ഷങ്ങളും നശിപ്പിക്കുന്നത് ഇസ്‌ലാം വിലക്കി എന്നത് ശ്രദ്ധേയമാണ്. ഹസ്രത് അബൂബക്ർ സ്വിദ്ദീഖ്(റ) തന്റെ ഭടന്മാർക്കു നൽകിയ പ്രശസ്തമായ നിർദേശങ്ങളിൽ മരങ്ങൾ മുറിക്കരുതെന്ന നിർദേശവും ഉൾപ്പെടുത്തിയിരുന്നു.

## ഖുർആൻ തുറന്ന വഴി

വിശ്വനാഗരികതകളുടെ ഈറ്റില്ലമായി യൂറോപ്യൻ ചരിത്രം പരിചയപ്പെടുത്തുന്ന ഏതൻസിന്, അറിവ് ദൈവങ്ങളുടെ സ്വകാര്യ സങ്കേതങ്ങളിൽ നിന്ന് കട്ടെടുക്കപ്പെട്ട നിധിയായിരുന്നു. അറിവു മോഷ്ടിച്ചു മനുഷ്യർക്കു നൽകി എന്ന കുറ്റത്തിന് പ്രോമിത്യൂസ് ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. അറിവിന്റെ സൂക്തങ്ങൾ അവർണരുടെ കാതിൽ പതിഞ്ഞ് അശുദ്ധമാവുന്നതിനെതിരെ ജാഗ്രതയോടെ കാവൽ നിൽക്കുകയായിരുന്നു ഇന്ത്യയിലെ ആര്യൻമാർ. ഗ്രീക്ക്, ഇന്ത്യൻ സംസ്ക്കാരങ്ങളിൽ നിന്ന് വ്യത്യസ്തമായി അറിവിനെ ജനകീയമാക്കുന്നതിനു വേണ്ടിയാണ് ഇസ്‌ലാം നിലകൊണ്ടത്. ലോക നാഗരികതകളെ ക്കുറിച്ചുള്ള താരതമ്യ പഠനം ഒന്നാമതായി അടയാളപ്പെടുത്തുന്ന സത്യം ഇതാണ്. അറിവിന്റെ ജനകീയവത്ക്കരണത്തിനു മുൻകൈ എടുത്തത് ഖുർആൻ ആണ്.

ഖുർആൻ അറബ് ജനതയിൽ ഉണ്ടാക്കിയ മാറ്റമാണ് ഈ അവകാശ വാദത്തിന് തെളിവ്. മുഹമ്മദ് നബിയുടെ പ്രവാചകത്വ ലബ്ധിയുടെയും പ്രബോധന വിജയത്തിന്റെയും മുമ്പ് അറബികളുടെ സംസ്കാരത്തെ നിർണയിച്ചിരുന്നത് പ്രാകൃതമായ ഗോത്രാചാരങ്ങളും കുടിപ്പകകളുമായിരുന്നു. നല്ല ആതിഥ്യ മര്യാദയും കവന വൈഭവവും ഉള്ളവരായിരുന്നു അവർ എന്നതൊഴിച്ചു നിർത്തിയാൽ ഇസ്‌ലാമിനു മുമ്പത്തെ അറബി സംസ്കാരം കാര്യമായി ഒന്നും അവശേഷിപ്പിച്ചിട്ടില്ല. നിലനിൽപിനുള്ള സമരവും മദ്യം, സ്ത്രീ, യുദ്ധം എന്നീ ത്രയങ്ങളുമാണ് അറബ് രക്തത്തെ തിളപ്പിച്ചത്. പ്രതികാരം, ധീരത, ഭോഗം, ഔദാര്യം എന്നിവയ്ക്കപ്പുറം ചിന്താപരമായ എന്തെങ്കിലും ഉണർവുകൾ അവർ പ്രകടിപ്പിച്ചതായി തെളിയുന്നില്ല.

പ്രവാചകന്റെ ആഗമനത്തിനു തൊട്ടു മുമ്പുള്ള അറബി ജീവിതത്തിന്റെ ഏറ്റവും മികച്ച ഈടുവെയ്പ് മുഅല്ലഖകൾ എന്നറിയപ്പെടുന്ന സപ്ത കാവ്യങ്ങളാണ്. ഇംറുൽ ഖൈസ്, ത്വറഫ, അംറ്ബ്നു കുൽസൂം, അൻത്വറഃ, സുഹൈർ, ലബീദ്, ഹാരിഥ് എന്നിവരുടെ പുകൾപെറ്റ കവിതകളാണ് 'മുഅല്ലഖകൾ'. ഗോത്രാഭിമാനത്തിന്റെ വക്താക്കളായിരുന്ന ഈ കവികൾ പാടിയതത്രയും മദ്യത്തെയും പ്രേമത്തെയും പ്രതികാരത്തെയും മരുഭൂമിയിലെ ജീവിത കാമനയെയും കുറിച്ചാണ്. തത്വചിന്തയുടെയോ ശാസ്ത്രാന്വേഷണത്തിന്റെയോ കിരണങ്ങൾ അവർ പ്രോത്സാഹിപ്പിച്ചിരുന്നില്ല എന്നർഥം. പ്രണയിനി ഉനൈസഃയുമായി സഹശയനം സാധിക്കാതെ വന്നപ്പോൾ കുളിക്കടവിൽ നിന്ന് അവളുടെയും തോഴിമാരുടെയും വസ്ത്രം മോഷ്ടിച്ച് അവരെ നഗ്നകളായി തന്നെ സമീപിക്കാൻ നിർബന്ധിച്ച് ഒട്ടകത്തെ അറുത്ത് അവരെ സൽകരിച്ച ശേഷം പ്രണയിനിയുടെ ഒട്ടകപ്പുറത്ത് സവാരി ചെയ്യുന്നതാണ് ഇംറുൽ ഖൈസിന്റെ മുഅല്ലഖഃയുടെ ഇതിവൃത്തം. മദ്യം, മൈഥുനം, യുദ്ധം എന്നീ മൂന്നു ജീവിത സുഖങ്ങളെ കുറിച്ചാണു ത്വറഫഃ പാടുന്നത്. ഇസ്‌ലാമിനു മുമ്പത്തെ അറബി മനസിന്റെ പൊതു സ്വഭാവം ഗ്രഹിക്കാൻ ഇത്രയും മതി.

## » രാത്രിക്കു ശേഷം പകൽ

ഒരു പക്ഷേ, അക്കാലത്തെ അറേബ്യയെ പൊതിഞ്ഞ ഇരുട്ടിനെ പ്രതീകവത്കരിക്കുന്നതാണ് ഇംറുൽ ഖൈസിന്റെ ഈ വരികൾ. ''വലയ്ലിൻ ക മൗജിൽ ബഹ്രി അർഖാ സുദൂലഹു അലയ്യ ബി അൻവാഇൽ ഹുമൂമി ലി യബ്തലീ''. (സമുദ്രത്തിലെ തിരമാലകൾ കണക്കെ രാത്രി അതിന്റെ വിരികൾ എന്റെ മേൽ താഴ്ത്തിയിട്ടു; നിരവധി ദുഃഖങ്ങളാൽ എന്നെ പരീക്ഷിക്കുന്നതിനു വേണ്ടി).

അജ്ഞാനത്തിന്റെ ഈ രാത്രികളിൽ നിന്ന് ജ്ഞാനത്തിന്റെ പകലിലേക്ക് അറബികളെ വിളിച്ചുണർത്തിയ നാദമായിരുന്നു 'ഇഖ്റഅ്' (വായിക്കുക). ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കുള്ള അറബികളുടെ പ്രയാണത്തെ ഖുർആൻ അടയാളപ്പെടുത്തുന്നു.

'വായിക്കുക' എന്ന ആജ്ഞയുടെ അപ്രതിരോധ്യമായ കരുത്ത് അറബ് ജനതയെ എപ്രകാരം മാറ്റിയെടുത്തു എന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. അറിവു നേടൽ ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാണെന്നും ചൈനയിൽ പോയെങ്കിലും അറിവു നേടുക എന്നും അനുയായികളെ പഠിപ്പിച്ച പ്രവാചകൻ യുദ്ധത്തടവുകാരെ വിട്ടയക്കുന്നതിന് വെച്ച ഉപാധി തന്റെ അനുചരന്മാരിൽ പത്തുപേർക്കെങ്കിലും എഴുത്തും വായനയും പഠിപ്പിച്ചു കൊടുക്കുക എന്നതായിരുന്നു. അക്ഷര വിദ്യയെ ജനകീയമാക്കുകയായിരുന്നു പ്രവാചകൻ ഇതിലൂടെ (ബദർ യുദ്ധത്തിൽ ബന്ധനസ്ഥരായ ശത്രുക്കൾക്ക് പ്രവാചകൻ നിശ്ചയിച്ച മോചനദ്രവ്യം പത്ത് മുസ്‌ലിംകൾക്ക് എഴുത്തും വായനയും പഠിപ്പിച്ചു കൊടുക്കുക എന്നതായിരുന്നു).

ഹിറാ ഗുഹയിലെ ധ്യാനത്തിൽ നിന്ന് പ്രവാചകനെ ഉണർത്തിയ 'ഇഖ്റഅ്' എന്ന അശരീരി പുതിയൊരു നാഗരികതയുടെ അടിക്കല്ലായിത്തീർന്നു. ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച്, ''കിഫാ നബ്കി മിൻ ദിക്റാ ഹബീബിൻ വ മൻസിലി'' (നിൽക്കൂ, പ്രാണപ്രേയസിയുടെ സ്മരണയിൽ അവളുടെ ഭവനാവശിഷ്ടത്തിനടുത്തു നിന്നു നമുക്ക് കരയാം) എന്നു പാടി നടന്ന ജനത, ''ദൈവമേ, അറിവു വർധിപ്പിച്ചു തരേണമേ'' (റബ്ബി സിദ്നീ ഇൽമൻ) എന്നു പ്രാർഥിച്ചു തുടങ്ങി. അവരുടെ ഭാവനകളിൽ നിന്ന് പ്രണയവും ലഹരിയും കുതിരയുടെ ചന്തവും ഗോത്രപ്പകയും അപ്രത്യക്ഷമായി. ഭൂമിയുടെ ചുറ്റളവിനെ കുറിച്ചും നക്ഷത്രങ്ങൾ തമ്മിലുള്ള അകലത്തെ കുറിച്ചുമായി അവരുടെ ആലോചന. അവരുടെ ഭാഷ, അതുവരെ സംസ്കാരത്തിന്റെ ഭാഷയായിരുന്ന ഗ്രീക്കിനെ ക്ഷണനേരം കൊണ്ട് നിഷ്പ്രഭമാക്കി. റോമിന്റെയും പേർഷ്യയുടെയും ധൈഷണിക പ്രഭാവം അറബികൾക്കു മുമ്പിൽ കരിന്തിരി കത്തി.

ക്രി.വ. ആറാം നൂറ്റാണ്ടിനും പന്ത്രണ്ടാം നൂറ്റാണ്ടിനുമിടയിൽ അറബികളുടെ ചരിത്രത്തിൽ എന്തു സംഭവിച്ചു എന്നത് വിസ്മയാവഹമാണ്. പ്രഗത്ഭ ശാസ്ത്രചരിത്രകാരൻ ജോർജ് സാർട്ടന്റെ വാക്കുകൾ ശ്രദ്ധിക്കുക:

''ഏറ്റവും മൗലികവും ഏറ്റവും ആശയ സമ്പന്നവുമായ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത് അറബിയിലാണ്. എട്ടാം നൂറ്റാണ്ടിന്റെ പകുതി മുതൽ പതിനൊന്നാം നൂറ്റാണ്ടിന്റെ അന്ത്യം വരെ അറബിയായിരുന്നു മനുഷ്യ വംശത്തിന്റെ ശാസ്ത്രഭാഷ. ആ കാലഘട്ടത്തിൽ ഏറ്റവും പുതിയ വിജ്ഞാനം കരസ്ഥമാക്കണമെന്നുള്ളവർ അറബി പഠിക്കേണ്ടിയിരുന്നു. ജാബിറുബ്നു ഹയ്യാൻ, അൽകിന്ദി, അൽഖാരിസ്മി, അൽഫർഗാനി, അൽറാസി, സാബിതുബ്നു ഖുർറഃ, അൽബത്താനി, ഹുനൈനുബ്നു ഇസ്ഹാഖ്, അൽഫാറാബി, ഇബ്റാഹീമുബ്നു സിമാൻ, അൽ മസ്ഊദി, ത്വബരി, അബുൽവഫാ, അലിയ്യുബ്നു അബ്ബാസ്, അബുൽ ഖാസിം, ഇബ്നു അൽ ജസ്സാർ, അൽ ബിറൂനി, ഇബ്നു സീനാ, ഇബ്നു യൂനുസ്, അൽ ഖർഖി, ഇബ്നു ഹൈസം, അലിയ്യിബ്നു ഈസ, അൽഗസ്സാലി, അൽ സർഖാലി, ഉമർ ഖയ്യാം – പാശ്ചാത്യ ലോകത്ത് തുല്യരായ സമകാലികരില്ലാത്ത ഏതാനും മഹാപ്രതിഭകളെ മാത്രം ഇവിടെ ഓർക്കാം. ഈ പട്ടിക എത്ര വേണമെങ്കിലും

നീട്ടാനും പ്രയാസമില്ല. മധ്യകാലഘട്ടം ശാസ്ത്ര രംഗത്ത് വന്ധ്യമായിരുന്നു എന്ന് നിങ്ങളോടാരെങ്കിലും പറഞ്ഞാൽ ഈ ആളുകളുടെ പേരുകൾ മാത്രം അവരോട് പറയുക. 750 നും 1100 നുമിടയ്ക്കുള്ള ഹ്രസ്വകാലഘട്ടത്തിലാണ് ഇവരെല്ലാം ജീവിച്ചത്.''

## » ഒട്ടകപ്പുറത്ത് പുസ്തകങ്ങൾ

ഇസ്‌ലാമിക നാഗരികത അറബികളിലുണ്ടാക്കിയ പരിവർത്തനത്തിന്റെ സ്വാദറിയാൻ അബ്ബാസീ ഖലീഫഃ മഅ്മൂൻ ബഗ്ദാദിൽ സ്ഥാപിച്ച 'ബൈതുൽ ഹിക്മഃ' (ജ്ഞാന ഭവനം) എന്ന ശാസ്ത്ര പഠന കേന്ദ്രത്തെക്കുറിച്ചു മനസ്സിലാക്കിയാൽ മതിയാവും. വാന നിരീക്ഷണ കേന്ദ്രവും ഗ്രന്ഥാലയവും ചേർന്ന ഈ പഠന കേന്ദ്രത്തിന്റെ നിർമിതിക്ക് അന്നത്തെ രണ്ടു ലക്ഷം ദിർഹമാണ് (ഇന്നത്തെ ഏഴു മില്ല്യൻ ഡോളറിനു തുല്യം) ഖലീഫഃ നീക്കിവെച്ചത്. വിവിധ ഭാഷാ പണ്ഢിതന്മാർ ബൈതുൽ ഹിക്മഃയിൽ നിയോഗിക്കപ്പെട്ടു. എല്ലാ വിജ്ഞാന ശാഖകളിലുമുള്ള ഗ്രന്ഥങ്ങൾ (നൂറൊട്ടകങ്ങൾക്ക് ചുമക്കാനുള്ളത്) അവിടെ ശേഖരിച്ചിരുന്നു. പഹ്‌ലവി, സംസ്കൃതം, ഗ്രീക്ക്, കാൽദിയൻ, സുറിയാനി ഭാഷകളിലുള്ള കൃതികൾ അറബിയിലേക്ക് ഈ കേന്ദ്രത്തിൽവെച്ചു വിവർത്തനം ചെയ്യപ്പെട്ടു.

ഡോ.ഗുസ്താവ് ലീ ബോൺ എഴുതുന്നു: "In those days when books and libraries meant nothing to Europeans, Many Islamic lands had books and libraries in plenty. Indeed, in Baghdad's 'House of Wisdom' there were four million Volumes; and in cairo's Sultanic Library one million; and in the library of syrian Tripoly three million Volumes ; While in Spain alone under Muslim rule there was an annual publication between 70 and 80 thousand Volumes" (Dr.Gustave Le Bon, History of Islamic and Arab Civilization, Vol III, P329, സയ്യിദ് മുജ്തബാ മൂസവിലാരി ഉദ്ധരിച്ചത്. അത്തൗഹീദ് (ഇംഗ്ലീഷ് ജേണൽ) വാള്യം 17 ലക്കം 4).

''പുസ്തകങ്ങളും ഗ്രന്ഥാലയങ്ങളും യൂറോപ്യർക്ക് ഒന്നുമല്ലാതിരുന്ന ഈ ദിനങ്ങളിൽ പല ഇസ്‌ലാമിക നാടുകളിലും അവ ധാരാളമായുണ്ടായിരുന്നു. ബാഗ്ദാദിലെ 'ജ്ഞാന ഭവന'ത്തിൽ നാലു ദശലക്ഷം ഗ്രന്ഥങ്ങൾ ഉ ായിരുന്നു. കൈറോവിലെ സുൽത്താന്റെ ഗ്രന്ഥാലയത്തിൽ ഒരു ദശലക്ഷം; സിറിയൻ ട്രിപോളിയിലെ ഗ്രന്ഥാലയത്തിൽ മൂന്നു ദശലക്ഷം; മുസ്‌ലിം ഭരണകാലത്ത് സ്പെയിനിൽ മാത്രം വർഷം പ്രതി എഴുപതിനായിരത്തിനും എൺപതിനായിരത്തിനും ഇടയ്ക്ക് ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.''

ഗോള ശാസ്ത്രം മുതൽ വൈദ്യശാസ്ത്രം വരെ എല്ലാ വൈജ്ഞാനിക ശാഖകളും ഇസ്‌ലാമിക നാഗരികതയിൽ വളർന്നു പന്തലിച്ചു. ഹ്രസ്വമായ ഒരു കാലഘട്ടത്തിനു ള്ളിൽ വൈജ്ഞാനിക രംഗത്ത് അഭൂതപൂർവമായ വളർച്ച കൈവരിക്കാൻ മുസ്‌ലിംക ൾക്കു സാധിച്ചു.

ചോദ്യമിതാണ് : കാമിനിമാരുടെ മാദകത്വം വർണിക്കാൻ പ്രാസപ്പൊരുത്തമുള്ള വാക്കുകൾ തേടിയവർ സംഖ്യകളുടെ പൊരുൾ ചികയാൻ ഇടയായതെങ്ങനെ? വാളുകൾ ചുവപ്പിച്ചു ഗോത്ര മഹിമയെ വിളംബരം ചെയ്തവർ ('വെളുത്ത വാളുകളുമായി പോയി ചുവന്ന വാളുകളുമായി മടങ്ങുന്നവർ ഞങ്ങൾ' എന്നു കവി) അരിസ്റ്റോട്ടിലിനും യുക്ളിഡിനും തിരുത്തുകൾ നിർദേശിക്കാൻ മാത്രം പ്രാപ്തരായതെങ്ങനെ?

## » വെളിച്ചത്തിന്റെ പ്രളയം

ഇരുപത്തിമൂന്നു സംവത്സരക്കാലം മുഹമ്മദ് നബി ഉരുവിട്ട വാക്കുകളാണ് മന്ത്രശക്തിയാലെന്ന പോലെ അറേബ്യൻ ഉപഭൂഖണ്ഡത്തെ മാറ്റിക്കളഞ്ഞത്. നബിയുടെ

മസ്തിഷ്കം സ്വയം നെയ്തെടുത്ത വാക്കുകളായിരുന്നില്ല അവ. അന്നത്തെ അറേബ്യൻ പരിസ്ഥിതിയിൽ മതപരമോ വിദ്യാഭ്യാസപരമോ ആയ പശ്ചാതലമൊന്നുമില്ലാത്ത ഒരു വ്യക്തിക്ക് സാധിക്കുന്നതിൽ കവിഞ്ഞ ദൗത്യമാണു പ്രവാചകൻ നിർവഹിച്ചത്. വെളിപാടിന്റെ വെളിച്ചമാണ് ഹിറയിൽ പ്രത്യക്ഷപ്പെട്ടതെന്നു വ്യക്തം. ആകാശത്തു നിന്നു വീണ മിന്നൽ പിണർ പോലെ പ്രവാചകൻ അറേബ്യയെ പ്രകാശമയമാക്കി. തോമസ് കാർലൈലിന്റെ അതി മനോഹരമായ വാക്കുകൾ ഇവിടെ പകർത്തട്ടെ;

''അറബ് ദേശത്തിന് തമസ്സിൽ നിന്ന് പ്രകാശത്തിലേക്കുള്ള പിറവിയായിരന്നു അത്. അത് മുഖേനയാണ് അറേബ്യക്ക് ആദ്യം ജീവൻ കൈവന്നത്. ലോകാരംഭം മുതൽ അതിന്റെ മരുഭൂമികളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ അലഞ്ഞു നടന്ന പാവംപിടിച്ച അജപാലകന്മാർ. അവർക്ക് വിശ്വസിക്കാനാവുന്ന വചനവുമായി ഒരു നായക പ്രവാചകൻ അവർക്കിടയിലേക്ക് അയക്കപ്പെട്ടു. നോക്കൂ, ശ്രദ്ധിക്കപ്പെടാതിരുന്നത് ലോകശ്രദ്ധ നേടുന്നു, ചെറുത് ലോകത്തോളം വലുതാവുന്നു. അതിനു ശേഷം ഒരു നൂറ്റാണ്ടിനുള്ളിൽ അറേബ്യ ഒരറ്റത്ത് ഗ്രാനഡ മുതൽ മറ്റേയറ്റത്ത് ഡൽഹി വരെ, ധീരതയിലും പ്രൗഢിയിലും പ്രതിഭയുടെ പ്രകാശത്തിലും ലോകത്തിന്റെ വലിയൊരു ഭാഗത്ത് തിളങ്ങി നിൽക്കുന്നു. വിശ്വാസം മഹിതം, ജീവ ദായകം. വിശ്വസിക്കുന്നതോടെ ഒരു ദേശത്തിന്റെ ചരിത്രം പുഷ്ക്കലമാവുന്നു. ആത്മീയൗന്നത്യവും മഹത്വവും നേടുന്നു. ഈ അറബികൾ, മുഹമ്മദ് എന്ന മനുഷ്യൻ, ആ ഒരു നൂറ്റാണ്ട്. അഗണ്യവും ഇരുണ്ടതുമായ ഒരു ലോകത്ത് തീപ്പൊരി വീണതു പോലെ ആയിരുന്നില്ലേ അത്? പക്ഷേ, നോക്കൂ; പൊട്ടിത്തെറിക്കുന്ന വെടിമരുന്നായി ഡൽഹി മുതൽ ഗ്രാനഡ വരെ അത് ആകാശം മുട്ടെ കത്തിജ്ജ്വലിക്കുന്നു. ഞാൻ പറഞ്ഞു: മഹാത്മാവ് എന്നും ആകാശത്തു നിന്നു വരുന്ന മിന്നൽപിണർ പോലെ ആയിരുന്നു. മറ്റുള്ളവർ അദ്ദേഹത്തിനായി കാത്തുനിന്നു. ഇന്ധനം തീയെ എന്ന പോലെ അവർക്കും ജ്വാലയാവാൻ''.

മുഹമ്മദ് നബിയിലൂടെ മിന്നൽപ്പിണറായി മരുഭൂമിയിൽ ഇറങ്ങിയ ഖുർആൻ എന്തിലേക്കെല്ലാമാണ് അവിടുത്തെ നിവാസികളുടെ കണ്ണു തുറപ്പിച്ചത്? ഖുർആനിലെ പരശ്ശതം സൂക്തങ്ങളിൽ നിന്ന് ചില മാതൃകകൾ മാത്രം മതി ഇതിനുള്ള ഉത്തരം ലഭിക്കാൻ. ഖുർആൻ അറബികളുടെ ശ്രദ്ധയെ ഒട്ടകത്തിലേക്കും ആകാശത്തേക്കും പർവതങ്ങളിലേ ക്കും ഭൂമിയുടെ കിടപ്പിലേക്കും ആകർഷിച്ചു.

## ഖുർആനും ഭൂമിശാസ്ത്രവും

സമതലവും മരുഭൂമിയും വനങ്ങളും പർവതങ്ങളും സമുദ്രങ്ങളും അരുവികളും കാറ്റും ഭൂമിയുടെ നിറപ്പും സൗന്ദര്യവുമെല്ലാം ഖുർആൻ മുഖേന മുസ്ലിംകൾക്ക് പരിചയമായിത്തീർന്നു. ഗോളശാസ്ത്രത്തെപ്പോലെ ഭൂമിശാസ്ത്രവും മുസ്ലിം ധിഷണാ ശാലികളെ ആകർഷിക്കാൻ ഇതൊരു കാരണമായി. ഇസ്ലാമിക നാഗരികതയിൽ ഗോളശാസ്ത്രം കൈവരിച്ചതിനു സമാനമായ പ്രാധാന്യം ഭൂമിശാസ്ത്രത്തിനും ലഭിച്ചു. അറബ് നാടോടി ജീവിതത്തിന്റെ രക്തത്തിൽ അലിഞ്ഞുചേർന്ന യാത്രയും ഖുർആന്റെ വിഷയങ്ങളിലൊന്നാണ്. ഭൂമിശാസ്ത്രത്തിന്റെ വളർച്ചയിൽ സഞ്ചാരത്തിനു വലിയ പങ്കുണ്ട്. ഗ്രീഷ്മവും ഹേമന്തവും യാത്രക്ക് എപ്രകാരമാണ് അനുകൂലമായിത്തീരുന്നത് എന്നത് ഖുർആൻ ഒരു ചിന്താവിഷയമായി എടുത്തിടുന്നുണ്ട്.

''ഖുറൈശികൾ സുരക്ഷിതരാവുന്നതിന്, ഗ്രീഷ്മ കാലത്തെയും ശൈത്യകാലത്തെയും യാത്ര അവർക്ക് ഇണക്കമുള്ളതാവുന്നതിന് ഈ ഭവനത്തിന്റെ അധിപനെ അവർ ആരാധിക്കട്ടെ. അവനാണ് അവർക്ക് വിശപ്പിന് ഭക്ഷണവും പേടിയിൽ നിന്ന് നിർഭയത്വവും നൽകിയത്'' (വി.ഖു. അധ്യായം 106). യാത്ര നേരത്തെ തന്നെ അറബ് ജീവിതത്തിന്റെ ഭാഗമായിരുന്നു. ഖുർആൻ അതിന് കൂടുതൽ പ്രേരണ നൽകി. 'പറയുക.

നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുക. എന്നിട്ട് നിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് കാണുക''(6:11). ''ഇവർ ഭൂമിയിലൂടെ യാത്രചെയ്യുന്നില്ലേ? എങ്കിൽ ചിന്തിച്ചുഗ്രഹിക്കാൻ പറ്റിയ ഹൃദയങ്ങളോ കേട്ടറിയാൻ ഉതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്, നെഞ്ചുകളിലെ ഹൃദയത്തെയാണ'' (22 : 46).

കാര്യങ്ങൾ ഗ്രഹിക്കുന്നതിന് വേണ്ടിയുള്ള യാത്ര മുസ്‌ലിം ധിഷണാജീവിതത്തിന്റെ ഭാഗമായിത്തീർന്നു. ഭൂമിശാസ്ത്രപരമായ നിരവധി അറിവുകളിലേക്കാണ് ഈ യാത്രകൾ വഴിതുറന്നത്.

മറ്റു നിലകളിലും യാത്ര അറബ്–മുസ്‌ലിം ജീവിതത്തിന്റെ ഭാഗമായിരുന്നു. ഇസ്‌ലാമിക പ്രബോധനാർഥം മുസ്‌ലിം പണ്ഡിതന്മാർ ദീർഘ യാത്രകൾ ചെയ്തു. ധർമയുദ്ധത്തിനു വേണ്ടിയുള്ള യാത്രകളും മുസ്‌ലിം ജീവിതചര്യയുടെ ഭാഗമായിരുന്നു. ഹജ്ജ് എല്ലാ വർഷവും ആവർത്തിക്കുന്ന മഹായാത്രയായി വളർന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തീർത്ഥാടകർ മക്കയെ ലക്ഷ്യമാക്കി പുറപ്പെട്ടു. ഈ യാത്രയുടെ സ്വഭാവം ഖുർആൻ വിവരിക്കുന്നുണ്ട്:

''ജനങ്ങൾക്കിടയിൽ നീ ഹജ്ജിനെ വിളംബരപ്പെടുത്തുക. നടന്നും വിദൂരമായ സകല മലമ്പാതകളിലൂടെയും മെലിഞ്ഞ ഒട്ടകപ്പുറത്തേറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും'' (22: 27).

ഭൂമിശാസ്ത്രപരമായ അറിവുകളിൽ കൂടിയുമായിരുന്നു ഈ യാത്രകൾ. അറേബ്യൻ ഉപഭൂഖണ്ഡം, ഈജിപ്ത്, മൊറോക്കോ, ഇന്ത്യ, ഇറ്റലി, സ്പെയിൻ, മെസൊപ്പൊട്ടേമിയ, ഗ്രീസ് തുടങ്ങി വലിയൊരു ഭൂവിഭാഗം ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടു കഴിഞ്ഞിരുന്നതിനാൽ ഭൂമിശാസ്ത്രപരമായ എല്ലാ സവിശേഷതകളും പഠനവിധേയമാക്കുക മുസ്‌ലിംകൾക്ക് എളുപ്പമായിരുന്നു. ഭരണപരവും സൈനികവും വ്യാപാരപരവും പ്രബോധനപരവുമായ ആവശ്യങ്ങൾക്ക് വിസ്തൃതമായ ഇസ്‌ലാമിക സാമ്രാജ്യത്തിലൂടെ നിരന്തരം യാത്ര ചെയ്യേണ്ട സാഹചര്യം അവർക്കുണ്ടായി. ഹജ്ജ് എല്ലാവിധ വൈവിധ്യങ്ങളുടെയും സംഗമവേളകളായിരുന്നു. പ്രാദേശികമായ ധാരാളം അറിവുകൾ പങ്കുവെക്കപ്പെടാൻ ഹജ്ജ് അവസരമൊരുക്കി.

## വിജ്ഞാനശേഖരണം

ഇതര ശാസ്ത്രശാഖകളിലെന്നപോലെ, ഭൂമിശാസ്ത്ര സംബന്ധമായും മറ്റു ഭാഷകളിലെ ഗ്രന്ഥങ്ങൾ തേടിപ്പിടിക്കാനും അറബിയിലേക്ക് മൊഴിമാറ്റി സ്വാംശീകരിക്കാനും അറബ് പണ്ഡിതന്മാർ ഉത്സാഹിച്ചു. ഗ്രീസിന്റെയും ഇന്ത്യയുടെയും വൈജ്ഞാനിക പൈതൃകത്തെ അവർ സനിഷ്ക്കർഷം പഠനവിധേയമാക്കി.

ടോളമിയുടെ ഭൂമിശാസ്ത്ര പഠനങ്ങൾ മുസ്‌ലിംകൾ പഠിച്ചു. അരിസ്റ്റോട്ടിലിന്റെ കൃതികളിലെ ഭൂമിശാസ്ത്ര സംബന്ധമായ നിരീക്ഷണങ്ങളും അവർ ഉൾക്കൊണ്ടു. ഗ്രീസിന്റെ ഭൂഗണിതവും പേർഷ്യയുടെ വിവരണാത്മക ഭൂമിശാസ്ത്രവും അവർ സ്വായത്തമാക്കി.

അബ്ബാസീ ഖലീഫഃ മഅ്മൂൻ ഭൂമിശാസ്ത്രപഠനത്തിൽ പ്രത്യേക താൽപര്യം പ്രകടിപ്പിച്ചു. വിസ്തൃതമായ ലോകഭൂപടം തയ്യാറാക്കുന്നതിനുവേണ്ടി എഴുപത് പണ്ഡിതന്മാരെ അദ്ദേഹം നിയോഗിച്ചു. 'മഅ്മൂനീ ഭൂപടം' (അസ്സൂറത്തുൽ മഅ്മൂനിയ്യഃ) എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. എന്നാൽ ഇതിന്റെ കോപ്പി ഇപ്പോൾ ലഭ്യമല്ല. ടോളമിയുടെ ഭൂപടത്തെക്കാൾ കൃത്യമായിരുന്നു അതെന്ന് അത് കണ്ട അബുൽ ഹസൻ അൽ മസ്ഊദി രേഖപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദ് ബ്നു മൂസൽ ഖാരിസ്മി ഈ ഭൂപടം തയ്യാറാക്കുന്നതിൽ പങ്കാളിയായിരുന്നു. ''റസ്മുൽ മഅ്മൂർ മിനൽ ബിലാദ്'' എന്നപേരിൽ ഒരു ഭൂമിശാസ്ത്ര ഗ്രന്ഥവും ഇദ്ദേഹം രചിച്ചു. ജനവാസമുള്ള പ്രദേശങ്ങളെ കുറിച്ച വിവരണമായിരുന്നു അത്. ടോളമിയുടെ ഭൂപടവും വിവരണവും ഖാരിസ്മി മെച്ചപ്പെടുത്തുകയും ചെയ്തു.

താൻ പരാമർശിച്ച സ്ഥലങ്ങളുടെയെല്ലാം ഭൂമിശാസ്ത്രപരമായ സ്ഥാനവും അക്ഷാംശ –രേഖാംശ സഹിതം അദ്ദേഹം രേഖപ്പെടുത്തി.

അൽകിൻദിയും അഹമദ് സറാക്ശിയും ഭൂമിശാസ്ത്രകൃതികൾ രചിച്ചവരാണ്. അബൂ അബ്ദില്ല അൽബക്താനി, അബുൽ അബ്ബാസ് അൽഫർഗാനി, ഇബ്നുയൂനുസ് മുതലായവരുടെ ജ്യോതിശാസ്ത്ര പഠനങ്ങളിലും ഭൂമിശാസ്ത്രപരമായ പ്രതിപാദനങ്ങൾ ഉണ്ടായിരുന്നു.

ഹിജ്റ മൂന്ന്, നാല്, അഞ്ച് നൂറ്റാണ്ടുകളിൽ ഭൂമിശാസ്ത്രപഠനം കൂടുതൽ വികാസം പ്രാപിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നേരിട്ടു നടത്തിയ നിരീക്ഷണങ്ങളും മുൻഗാമികൾ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന ഗവേഷണങ്ങളുമാണ് ഈ വികാസത്തിന് കളമൊരുക്കിയത്. ഭൂമിശാസ്ത്രത്തിന്റെ അന്വേഷണ ചക്രവാളത്തെ സ്വന്തം നിലയിൽ ഗണ്യമായി വികസിപ്പിക്കാനും മുസ്‌ലിം ശാസ്ത്രകാരന്മാർക്ക് കഴിഞ്ഞു. മുസ്‌ലിം ഭൂമിശാസ്ത്രകാരന്മാരും സഞ്ചാരികളും നിരവധി ഗ്രന്ഥങ്ങൾ രചിച്ചു.

## ഖുർആനും ഗോളശാസ്ത്രവും

ഗോള രൂപവത്കരണ പഠനത്തിന് അറബിയിൽ ഇൽമുൽ ഹൈഅഃ എന്നാണ് പറയുക. ഇൽമുന്നുജൂം, ഇൽമുൽഫലക് എന്നീ പേരുകളിലും ഖഗോളപഠനം മുസ്‌ലിം ലോകത്ത് അറിയപ്പെടുന്നു. സമയം, ദിക്ക് ഇവയെക്കുറിച്ചു പഠിപ്പിക്കുന്ന ഗോളശാസ്ത്രശാഖയാണ് ഇൽമുൽ മീഖാത്ത്.

ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പ് അറബ് ലോകത്ത് ഈ ശാസ്ത്രശാഖകളൊന്നും ഉദയം ചെയ്തിരുന്നില്ല. എല്ലാ പൗരാണിക ജനവിഭാഗങ്ങളെയും പോലെ നക്ഷത്രങ്ങളും ഇതര ഗോളങ്ങളും അവർക്ക് ആരാധ്യവസ്തുക്കളായിരുന്നു. എങ്കിലും ദിഗ് നിർണയ ത്തിന് നക്ഷത്രത്തിന്റെ ഉദയസ്ഥാനങ്ങളെ അവർ അവലംബിച്ചു. മരുഭൂമിയിലെ യാത്രക ൾക്ക് ഇത് ഏറെ ഉപകാരപ്രദമായിരുന്നു. കാരണം രാത്രിയിലായിരുന്നു അറബികളുടെ വ്യാപാരയാത്രകൾ അധികവും. കാലാവസ്ഥയിലെ മാറ്റങ്ങളും നക്ഷത്രങ്ങളെ നിരീക്ഷിച്ച് അവർ മനസ്സിലാക്കി. ഇതിനപ്പുറം ഗോളങ്ങളെയും അവയുടെ ചലനങ്ങളെയും കുറിച്ച് കൃത്യമായ വിവരം ഇസ്‌ലാമിനു മുമ്പ് അറബികൾക്കുണ്ടായിരുന്നതായി അറിവില്ല.

ഇസ്‌ലാമിന്റെ ആഗമനം അറബികൾക്കിടയിൽ അനിതര സാധാരണമായ വൈജ്ഞാനിക വിപ്ലവത്തിനു നിമിത്തമായിത്തീർന്നു. ഖഗോള വിജ്ഞാനീയത്തിന്റെ വികാസത്തിൽ ഈ വിപ്ലവത്തിന്റെ അലകൾ ഏറെ ദൃശ്യമാണ്. മുസ്‌ലിം ലോകത്ത് ഗോളശാസ്ത്രപഠനം സജീവമാകാൻ രണ്ട് പ്രധാന കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

ഒന്ന്: ഗോളശാസ്ത്ര പഠനത്തിന് ഖുർആൻ നൽകുന്ന മുന്തിയ പരിഗണനയും ആഹ്വാനവും. രണ്ട്: പ്രാർഥനകളുടെ സമയം, 'ഖിബ്‌ല'യുടെ സ്ഥാനം, ഹജ്ജിന്റെ മീഖാത്ത് തുടങ്ങിയവ നിർണയിക്കുന്നതിന് ജ്യോതിർഗണിത പഠനം ആവശ്യമായി ത്തീർന്നത്.

### » ഖുർആന്റെ പ്രേരണ

ഭൂമിയും വാനലോകവും അല്ലാഹുവിന്റെ സൃഷ്ടിയാണ്. അല്ലാഹുവിന്റെ ഇച്ഛപ്രകാരം പ്രപഞ്ചം സൃഷ്ടിക്കപ്പെടുകയായിരുന്നു. ഇതാണ് പ്രപഞ്ചത്തെ സംബന്ധിച്ച ഖുർആന്റെ ഒന്നാമത്തെ തത്വം. സൃഷ്ടി മായയല്ല; യാഥാർഥ്യമാണ് എന്നും ഖുർആൻ സിദ്ധാന്തിക്കുന്നു. ''യാഥാർഥ്യമായി ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചത് അവനാകുന്നു'' (വി.ഖു. 6/72).

സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം പൂർണമായും അല്ലാഹുവിന്റെ ഇംഗിതത്തിനു വിധേയമായാണ്

ചലിക്കുന്നത്. സൃഷ്ടികളുടെ നിയന്താവും പരിപാലകനും അല്ലാഹുവാകുന്നു. ഇതും ഖുർആൻ വ്യക്തമാക്കുന്നുണ്ട്: 'ആറുദിനങ്ങളിലായി ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹുതന്നെയാകുന്നു നിങ്ങളുടെ നാഥൻ. അനന്തരം അവൻ 'അർശി'ൽ അധിപനായി. അവൻ രാവുകൊണ്ട് പകലിനു മറയിടുന്നു. ധൃതിയിൽ അത് (പകൽ) അതിനെ (രാത്രിയെ) അന്വേഷിക്കുകയാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവന്റെ ആജ്ഞക്കു വിധേയമാണ്. അറിയുക, സൃഷ്ടിപ്പും നിയന്ത്രണവും അവനുള്ളതാകുന്നു. ലോകരക്ഷിതാവായ അല്ലാഹു അത്യധികം അനുഗ്രഹമുടയവനത്രെ'' (വി.ഖു. 7/54).

പ്രപഞ്ചം സൃഷ്ടിയും യാഥാർഥ്യവുമാണ്. പ്രപഞ്ചത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹുവാണ്. എന്നീ കാര്യങ്ങൾ സ്ഥാപിക്കുക വഴി ഖുർആൻ പ്രാപഞ്ചിക പ്രതിഭാസങ്ങളെ ഈശ്വരസ്ഥാനത്ത് നിർത്തുന്ന പ്രാകൃത ദൗർബല്യത്തിൽ നിന്നു മനുഷ്യമനസ്സുകളെ മോചിപ്പിക്കുകയാണ് ചെയ്തത്. അതോടെ പ്രപഞ്ചം മനുഷ്യനു മുമ്പിൽ ഒരു തുറന്ന പുസ്തകമായി മാറി.

വാനലോക വിസ്മയങ്ങളിലേക്ക് ഖുർആൻ മനുഷ്യന്റെ ശ്രദ്ധക്ഷണിച്ചു. ''രാത്രിയെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത് അവനാണ്. അവയോരോന്നും അതിന്റെ വഴിയിൽ ചരിച്ചുകൊണ്ടിരിക്കുന്നു'' (വി.ഖു. 21/33). ''ഏറ്റവും സമീപസ്ഥമായ ആകാശത്തെ അവൻ ദീപങ്ങൾ കൊണ്ട് അലങ്കരിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്തു. സർവജ്ഞനും അജയ്യനുമായവന്റെ വ്യവസ്ഥയാകുന്നു അത്'' (41/12).

അത്ഭുതകരമായ പ്രാപഞ്ചിക സംവിധാനത്തെക്കുറിച്ചും അവയുടെ ആത്യന്തിക യാഥാർഥ്യത്തെക്കുറിച്ചും ചിന്തിക്കാനും പഠിക്കാനും ഖുർആൻ നിരന്തരം പ്രോത്സാഹനം നൽകുന്നു. ''ദൃഷ്ടിഗോചരമായ സ്തംഭങ്ങൾ ഇല്ലാതെ ആകാശത്തെ ഉയർത്തിയവനാണ് അല്ലാഹു. പിന്നെ അവൻ അർശിന്റെ അധിപനായി. സൂര്യനും ചന്ദ്രനും അവനു വിധേയമാണ്. ഓരോന്നും നിശ്ചിത അവധി വരെ ചലിച്ചുകൊണ്ടിരിക്കും. കാര്യങ്ങൾ അവൻ നിയന്ത്രിക്കുന്നു. നിങ്ങൾ നിങ്ങളുടെ നാഥനെ കണ്ടുമുട്ടുന്നതിൽ ദൃഢവിശ്വാസ മുള്ളവരാകുന്നതിനുവേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദമാക്കുന്നു. ഭൂമിയെ വിശാലമാക്കുകയും അതിൽ മലകളും പുഴകളും ഉണ്ടാക്കുകയും ചെയ്തത് അവനാണ്. ഓരോ ഇനം പഴത്തിലും അവൻ ഇണകളായി ഇരട്ട ഇനങ്ങളെ ഉണ്ടാക്കി. പകലിനെ അവൻ രാത്രികൊണ്ട് പൊതിയുന്നു. അതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്'' (വി.ഖു. 13/2,3).

ആകാശങ്ങളിലെ അത്ഭുതങ്ങൾ നോക്കിക്കാണുകയും ഭൂമിയിലെ അതിശയങ്ങൾ അനുഭവിച്ചറിയുകയും ചെയ്യുന്ന മനുഷ്യൻ ചിന്തിച്ചുതുടങ്ങുന്നു. ധിഷണ ഉന്മിഷിത്താവുന്നതോടെ വിജ്ഞാനത്തിന്റെ കവാടങ്ങൾ അവന്റെ മുമ്പിൽ മലർക്കെ തുറക്കപ്പെടുകയും ചെയ്യുന്നു.

''ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. അവർ നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ സ്മരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നു'' (3/190).

ഇതാണ് ഗോളശാസ്ത്രപഠനത്തിനു ഖുർആൻ നൽകിയ പ്രേരണകളുടെ മാതൃക. നിരവധി വാക്യങ്ങളിലായി, ധാരാളം സ്ഥലങ്ങളിൽ ഖുർആൻ മനുഷ്യന്റെ ചിന്താശേഷിയെ ഇപ്രകാരം തട്ടിയുണർത്തുന്നുണ്ട്.

### » ഗോളശാസ്ത്രവും മുസ്‌ലിംകളുടെ ദൈനംദിന ജീവിതവും

മുസ്‌ലിംകൾക്ക് മുസ്‌ലിംകൾ എന്ന നിലയിൽ തന്നെ ഗോളശാസ്ത്രം ഒരു ദൈനം ദിന ആവശ്യമായിത്തീർന്നതാണ് മുസ്‌ലിം നാഗരികതയിൽ പ്രസ്തുത വൈജ്ഞാനിക മേഖല സമ്പുഷ്ടമാകാനുണ്ടായ രണ്ടാമത്തെ കാരണം. ഖഗോളപഠനത്തിനു മുസ്‌ലിംകൾക്കു

പ്രേരണയായിത്തീർന്ന മതപരമായ പ്രായോഗികാവശ്യങ്ങളിൽ പ്രധാനം അഞ്ചു നേരങ്ങളിലെ നിസ്കാരത്തിന്റെ സമയം നിർണയിക്കുക എന്നതായിരുന്നു. സ്വുബ്ഹ്, ളുഹർ, അസ്വർ, മഗ്രിബ്, ഇശാഅ് എന്നീ പ്രാർഥനാ സമയങ്ങൾ കണക്കാക്കുന്നതിന് സൂര്യന്റെ ഉന്നതി (മഹശേഔേല)യും ചലനക്രമവും അറിയേണ്ടതുണ്ടായിരുന്നു. ഇതിനായി വിവിധ ഗണിതശാസ്ത്ര രീതികൾ പല മുസ്‌ലിം സമൂഹങ്ങളും ആവിഷ്കരിക്കുകയുണ്ടായി. നിസ്കാരവുമായിത്തന്നെ ബന്ധപ്പെട്ടതാണ് ഖിബ്‌ലഃ നിർണയം. മസ്ജിദുകൾ പണിയുമ്പോൾ ഇത് പ്രത്യേകം ആവശ്യമായിത്തീരുന്നു. ഭവനങ്ങൾ പണിയുമ്പോഴും മുസ്‌ലിംകൾ ഖിബ്‌ലഃ നോക്കുക പതിവാണ്. ദിഗ്നിർണയശാസ്ത്രം അനിവാര്യമാക്കിത്തീർക്കുന്നതാണിത്. ജ്യോതിർഗണിതം മതപഠനത്തിന്റെ ഭാഗമായിത്തീരുന്നത് ഇങ്ങനെയാണ്. വിവിധ പ്രദേശങ്ങളിൽ നിന്ന് ഹജ്ജിന് പുറപ്പെടുന്നവർക്ക് ഇഹ്റാമിൽ പ്രവേശിക്കേണ്ട 'മീഖാത്' അറിയേ ത് അനിവാര്യമാണ്. ഇവിടെയും ഗോള വിജ്ഞാനീയം സഹായത്തിനെത്തുന്നു. ഇവക്കുപുറമെ പ്രബോധന യാത്രകളും മുസ്‌ലിംകൾക്ക് ഗോളശാസ്ത്രം പഠിക്കേണ്ടത് അനിവാര്യമാക്കിത്തീർത്തു.

മതകലാലയങ്ങളിലും പള്ളിദർസുകളിലും ഹിസാബ് (ഗണിതം) ഇൽമുൽഫലക് (ഗോളശാസ്ത്രം) എന്നിവ പ്രധാന പാഠ്യവിഷയമായിത്തീർന്നത് മേൽ സൂചിപ്പിച്ച മതപരമായ ആവശ്യകതകളുടെ പൂർത്തീകരണാർഥമാണ്. ഖുർആന്റെ പ്രേരണയും ദൈനംദിനാവശ്യങ്ങളുടെ സമ്മർദവും ഒത്തുവന്നപ്പോൾ മുസ്‌ലിം നാഗരികതയിൽ ഗോളശാസ്ത്രം പുഷ്കലമായി. ഹിജ്‌റഃയെ അടിസ്ഥാനമാക്കിയുള്ള ചാന്ദ്രപഞ്ചാംഗമാണ് മുസ്‌ലിംകൾ സ്വീകരിച്ചത്. ഹജ്ജ്, നോമ്പ് എന്നിവ ചാന്ദ്രപഞ്ചാംഗമനുസരിച്ചായിരിക്കണം എന്നത് മതശാസനയാണ്. കാലാവസ്ഥയിലെ മാറ്റങ്ങൾ ഈ അനുഷ്ഠാനങ്ങൾക്ക് വരുത്തുന്ന എളുപ്പവും പ്രയാസവും ഭൂമിയുടെ ഏതു കോണിൽ വസിക്കുന്ന വിശ്വാസിക്കും തുല്യനിലയിൽ അനുഭവിക്കാൻ ഇത് അവസരം നൽകുന്നു. എന്നാൽ കാർഷികാവശ്യങ്ങൾക്ക് മുസ്‌ലിംകൾ ആശ്രയിച്ചത് സൗരപഞ്ചാംഗമാണ്. കൊർദോവയിലെ മുസ്‌ലിം ഗോളശാസ്ത്രജ്ഞർ രൂപപ്പെടുത്തിയ സൗരപഞ്ചാംഗം പ്രചുരപ്രചാരം നേടിയിരുന്നു.

## » വിജ്ഞാനശേഖരണവും വ്യവസ്ഥാപിത പഠനവും

എട്ടാം ശതകത്തിന്റെ രണ്ടാം പാതിയിൽ അബ്ബാസീ ഭരണാധികാരി മൻസ്വൂറിന്റെ കാലത്ത് ബാഗ്ദാദിലാണ് വിപുലമായ വിജ്ഞാനശേഖരണവും വ്യവസ്ഥാപിത പഠനവും സമാരംഭിച്ചത്. യവന-പാർസി-സിറിയൻ- ഇന്ത്യൻ സ്രോതസ്സുകളിൽ നിന്നുള്ള ശാസ്ത്രജ്ഞാനം ബാഗ്ദാദിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. ഗ്രീക്ക്, പഹ്‌ലവി, സംസ്കൃതം ഭാഷകളിലെ ഗ്രന്ഥങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. നിരീക്ഷണ പഠനങ്ങൾക്കായി വാനനിരീക്ഷണ കേന്ദ്രങ്ങൾ സർക്കാർ ചെലവിലും സ്വകാര്യ തലത്തിലും നിർമിതമായി. ഒരു നൂറ്റാണ്ടുകൊണ്ട് ബഗ്ദാദ് ലോകത്തിലെ ഏറ്റവും വലിയ ഗോളശാസ്ത്ര പഠനകേന്ദ്രമായി മാറി. അസംഖ്യം ഗോളശാസ്ത്ര പണ്ഡിതന്മാർ ബാഗ്ദാദിൽ താമസമാക്കി. പതിനൊന്ന്, പന്ത്രണ്ട് ശതകങ്ങളിൽ മുസ്‌ലിം സ്പെയിനും വിശ്വപ്രസിദ്ധ ഗോളശാസ്ത്രപഠനകേന്ദ്രമായി പരിലസിച്ചു.

ടോളമിയുടെ വിഖ്യാതഗ്രന്ഥമായ 'മെഗാലെ സിന്റാക്സിഡ് മാതമെറ്റിക'ക്ക് ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ തന്നെ ഒന്നിലധികം അറബി പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ ഗുൻയാനുബ്നു ഇസ്ഹാഖ്, സാബിത്ബ്നു ഖുർറഃ എന്നിവരുടെ പരിഭാഷകൾ പുകൾപെറ്റവയാണ്. ടോളമിയുടെ മറ്റു കൃതികളായ ടാബുലെ മാനുലെസ്, ഹൈപോതെസസ് പ്ലാനറ്റാറം, പ്ളിനിസ്ഫേറിയം, ടെറ്റ്റാബിബ്ലോസ് എന്നിവയും ഇതേ കാലത്ത് അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. എന്നാൽ ടോളമിയുടെ കണക്കുകളും പട്ടികകളും അതേപടി സ്വീകരിക്കാൻ മുസ്‌ലിം ഗോളശാസ്ത്രജ്ഞർ കൂട്ടാക്കിയില്ല.

വ്യക്തമായ പഠനത്തിലൂടെ കൂടുതൽ കൃത്യമായ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള ദീർഘമായ ഗവേഷണങ്ങളിൽ അവർ ഏർപ്പെട്ടു. ചില ഗോളശാസ്ത്ര പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് നാൽപ്പതു വർഷം വരെ നീണ്ട പഠനങ്ങൾ നടത്തിയ ഗവേഷകരുണ്ട്. ബാഗ്ദാദ്, സമർഖന്ത്, നിശാപൂർ, കൊർദോവ, ദമസ്കസ്, റയ്യ് എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ഈ ഗവേഷണപഠനങ്ങൾ അധികവും നടന്നത്. ഈ പഠനങ്ങൾ വഴി ടോളമിയുടെ അതുവരെ അംഗീകരിക്കപ്പെട്ട പല നിഗമനങ്ങളും തിരുത്താൻ നാസ്വിറുദ്ദീൻ ത്വൂസി, ഖുതുബുദ്ദീൻ ശീറാസി തുടങ്ങിയ മുസ്‌ലിം ഗോളശാസ്ത്രകാരന്മാർക്ക് സാധിച്ചു. പുതിയ നക്ഷത്രപ്പട്ടികകൾ അവർ തയാറാക്കി. ടോളമിയുടെ നിഗമനങ്ങളെ ഖണ്ഡിക്കുന്ന നിബന്ധങ്ങളും അറബിയിൽ രചിക്കപ്പെട്ടു. പതിമൂന്ന്, പതിനാല് നൂറ്റാണ്ടുകളിൽ മുസ്‌ലിം ലോകത്ത് ഗോളശാസ്ത്രപഠനം അത്യുന്നത ഘട്ടത്തിലെത്തി. അറബ് ഗോളശാസ്ത്ര ഗ്രന്ഥങ്ങൾ ലാറ്റിൻ, ഹിബ്രു ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടത് ഇക്കാലത്താണ്. ഗോളശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ ഉപശാഖകളിലും നിരവധി ഗ്രന്ഥങ്ങൾ ഇക്കാലമായപ്പോഴേക്കും അറബിയിൽ വിരചിതമായിക്കഴിഞ്ഞിരുന്നു. ഫർഗാനിയുടെ കിതാബുഫീ ഹറകതിസ്സമാവിയ്യ വൽ ജവാമിഉൽ ഇൽമിന്നുജൂം എന്ന ബൃഹദ്ഗ്രന്ഥം വിഖ്യാതമാണ്. അബ്ദുറഹ്മാനിസ്സൂഫി രചിച്ച സ്വുവറുൽകവാകിബ് എന്ന സചിത്ര ഗ്രന്ഥം പിൽക്കാല ജ്യോതിശാസ്ത്രപഠനങ്ങളെ ഏറെ സഹായിച്ചിട്ടുണ്ട്. മുസ്‌ലിംകൾക്കുപുറമെ അറബ് യഹൂദരും ക്രൈസ്തവരും ഖഗോള വിജ്ഞാനീയ പോഷണത്തിന് ഗണ്യമായ സംഭാവനകൾ അർപ്പിച്ചു.

## ഖുർആനും ജന്തുശാസ്ത്രവും

തേനീച്ച, ചിലന്തി, കൊതുക്, തവള, ഉറുമ്പ്, നാൽക്കാലികൾ, ഇഴജന്തുക്കൾ, പറവകൾ തുടങ്ങിയ വിവിധ ജന്തു സമൂഹങ്ങളെക്കുറിച്ചു ഖുർആൻ പരാമർശിക്കുന്നു. ജീവികളുടെ സംഘബോധം, ജീവിതക്രമം, അതിശയിപ്പിക്കുന്ന തരത്തിലുള്ള അവയുടെ പ്രവർത്തനങ്ങൾ, പാലുൽപാദനം തുടങ്ങിയ കാര്യങ്ങളിലേക്കാണ് ഖുർആൻ മനുഷ്യന്റെ ശ്രദ്ധയാകർഷിക്കുന്നത്. മാതൃകയ്ക്കു ഏതാനും സൂക്തങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

വിവിധ തരം ജീവി വർഗങ്ങളുടെ അസ്തിത്വം ഖുർആൻ ഇങ്ങനെ വെളിപ്പെടുത്തുന്നു : ‘‘ഭൂമിയിലെ ഏതു ജീവിയും ഇരു ചിറകുകളിൽ പറക്കുന്ന പക്ഷിയും നിങ്ങളെപ്പോലുള്ള സമൂഹങ്ങളാകുന്നു’’ (6: 38).

തേനീച്ചയുടെ ജീവിതരീതിയിലേക്ക് വെളിച്ചം വീശുന്ന വചനം: ‘‘നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി. മലകളിലും മരങ്ങളിലും മനുഷ്യൻ കെട്ടിയുയർത്തുന്നവയിലും കൂടുണ്ടാക്കുക. എന്നിട്ട് എല്ലാതരം ഫലങ്ങളിൽ നിന്നും ആഹരിക്കുക. നിന്റെ നാഥൻ സൗകര്യപ്പെടുത്തിത്തന്ന സഞ്ചാര മാർഗങ്ങളിൽ പ്രവേശിക്കുക. അവയുടെ ഉദരങ്ങളിൽ നിന്നു വിവിധ വർണങ്ങളിലുള്ള പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട് . ചിന്തിക്കുന്നവർക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട(16:68, 69)

ചിലന്തികൾ നെയ്യുന്ന വലകളിലേക്ക് ഖുർആൻ ശ്രദ്ധയാകർഷിക്കുന്നു:‘‘വീടുകളിൽ ഏറ്റവും ദുർബലം ചിലന്തികളുടേതു തന്നെ’’ (29:41). ‘‘വിഹായസ്സിൽ പറക്കുന്ന പറവകളിലേക്ക് അവർ നോക്കുന്നില്ലേ? അല്ലാഹുവല്ലാതെ അവയെ പിടിച്ചുനിർത്തുന്നില്ല’’ (16 : 79). ഇങ്ങനെയുള്ള പരശ്ശതം സൂക്തങ്ങൾ ജന്തുശാസ്ത്രപഠനത്തിലേക്കു വഴിതുറന്നു.

### » ജന്തുശാസ്ത്രപഠനം മുസ്‌ലിം നാഗരികതയിൽ

മുസ്‌ലിംകളുടെ ജന്തുശാസ്ത്രപഠനം അതിന്റെ വിശാലമായ അർഥത്തിൽ ഇസ്‌ലാമിക

നാഗരികതയുടെ മുഴുവൻ വശങ്ങളെയും ഉൾക്കൊള്ളുന്നു. നിയമമീമാംസ, സാഹിത്യം, കല, വൈദ്യവിജ്ഞാനം എന്നിവ അതിന്റെ പരിധിയിൽ വരുന്നു. കാലികളെ വളർത്തി ജീവിച്ചിരുന്ന അറബികൾക്ക് നേരത്തെതന്നെ മൃഗങ്ങളുടെ സ്വഭാവവും ജീവിതരീതികളും സുപരിചിതമായിരുന്നു. അറേബ്യയിലേയും പേർഷ്യയിലേയും ഉത്തരാഫ്രിക്കയിലേയും നാടോടികളായ മുസ്‌ലിംകൾക്ക് മൃഗങ്ങളെക്കുറിച്ച് കൂടുതൽ അറിവുനേടാൻ പ്രയാസമുണ്ടായിരുന്നില്ല. നിത്യജീവിതത്തിന്റെ ഭാഗമായി മൃഗങ്ങളെ അവർക്ക് ഇണക്കി എടുക്കേണ്ടതുണ്ടായിരുന്നു. ഒട്ടകം, കുതിര എന്നീ മൃഗങ്ങളെക്കുറിച്ച് അറബികൾക്ക് നല്ല ജ്ഞാനമുണ്ടായിരുന്നു. ഈ പാരമ്പര്യവും ഗ്രീക്ക്, പേർഷ്യൻ നാഗരികതകളിൽനിന്നു സ്വാംശീകരിച്ച അറിവും മുസ്‌ലിംകളുടെ ജന്തു വിജ്ഞാനീയത്തിന് മുതൽ ക്കൂട്ടായിത്തീർന്നു. അരിസ്റ്റോട്ടിലിന്റെ 'ഹിസ്റ്റോറിയ ആനിമാലീയം' എന്നകൃതി യഹ്‌യ ഇബ്നുൽ ഹത്‌രീക്ക് അറബിയിലേക്ക് തർജമ ചെയ്തു. തിയോനിസിറ്റോസിന്റെ ജന്തുശാസ്ത്ര കൃതിയും സിർറുൽ ഖാലിഖാത്ത് എന്നപേരിൽ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി. ഗ്രീക്ക് കൃതികളിൽ നിന്ന് വ്യത്യസ്തമായി ഇന്തോ–പേർഷ്യൻ നാഗരികതകളിൽ മൃഗങ്ങൾ കഥാപാത്രങ്ങളായി അവതരിക്കപ്പെട്ടിരുന്നു. സംസ്കൃതത്തിൽ നിന്ന് പഹ്‌ലവിയിലേക്കും പിന്നീട് അറബിയിലേക്കും മൊഴിമാറിവന്ന കലീലഃ വദിംന ഇതിനുദാഹരണമാണ്. ഇന്ത്യയിലോ പേർഷ്യയിലോ ജന്തുക്കളുടെ ശരീരഘടനയെക്കുറിച്ച് പഠനം നടന്നിരുന്നില്ല.

മുസ്‌ലിം ലോകത്ത് ആദ്യകാല ജന്തുശാസ്ത്രപഠനങ്ങൾ വിഷയമാക്കിയിരുന്നത് ഒട്ടകത്തെയും കുതിരയെയുമാണ്. അബൂനള്ർ ഇബ്നുസുമൈൽ, അൽ അസ്മഈ, ഇബ്നു അറബി, അബൂ ഉബൈദ് ഇബ്നുസലാം, അബൂഹാതിം സിജിസ്താനി, ജാബിർ ഇബ്നു ഹയൂൽ എന്നിവർ ജന്തുശാസ്ത്രവിഷയകമായി എഴുതിയിട്ടുണ്ട്. മുഅ്തസിലി ദൈവശാസ്ത്രകാരന്മാരായ ബിശ്ർ ഇബ്നുൽ മുഅ്തമിർ, അബൂ ഇസ്ഹാഖ് നള്ളാം എന്നിവർ ജന്തുശാസ്ത്രത്തിൽ പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. എന്നാൽ ജന്തുശാസ്ത്രം കൈകാര്യം ചെയ്തിരുന്ന ഏറ്റവും വലിയ മുഅ്തസിലി ഗ്രന്ഥകാരൻ പ്രശസ്ത സാഹിത്യകാരനായ ജാഹിള് ആണ്. അദ്ദേഹത്തിന്റെ 'കിതാബുൽ ഹയവാൻ' ആണ് മുസ്‌ലിം ലോകത്തെ ഏറ്റവും പ്രശസ്ത ജന്തുശാസ്ത്ര ഗ്രന്ഥം. അറബി–പേർഷ്യൻ–ഗ്രീക്ക് സ്രോതസ്സുകളിൽ നിന്നുള്ള മുഴുവൻ വിവരങ്ങളും അതിൽ സമാഹരിച്ചിട്ടുണ്ട്. അരിസ്റ്റോട്ടിലിന്റെ നിരീക്ഷണങ്ങൾ ജാഹിള് തന്റെ കൃതിയിൽ നിരൂപണ വിധേയമാക്കി. 350 മൃഗങ്ങളെക്കുറിച്ച് അദ്ദേഹം പഠനം നടത്തുകയും അവയുടെ സ്വഭാവ ഗുണങ്ങൾ, ആകൃതി എന്നിവയെക്കുറിച്ച് നാല് ഇനങ്ങളിലായി വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. മൃഗ മനഃശാസ്ത്രത്തിലും അദ്ദേഹം അതീവ തൽപരനായിരുന്നു. പാശ്ചാത്യ ജന്തുശാസ്ത്രകാരന്മാർ ജാഹിളിന് ആചാര്യപദവി നൽകിയിട്ടുണ്ട്.

അൽകിൻദി, ഫാറാബി എന്നിവരും ജന്തുശാസ്ത്രം കൈകാര്യം ചെയ്തവരാണ്. ഇബ്നു ഖുതൈബയുടെ ഹുയ്യുനൽ അക്ബാറൈൻ എന്ന കൃതി ജന്തുശാസ്ത്രത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇഖ്‌വാനുസ്സഫയുടെ ദീർഘമായ ഒരു രിസാല മൃഗങ്ങളെക്കുറിച്ചാണ്. ഉൺമയുടെ സമഗ്രചക്രത്തിന്റെ ഭാഗമായാണ് അവർ മൃഗങ്ങളെ കാണുന്നത്. ഇബ്നുസീനയുടെ കിതാബുശ്ശിഫായിൽ മൃഗങ്ങളുടെ ശരീരശാസ്ത്രവും മനഃശാസ്ത്രവും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇബ്നുറുശ്ദും ഇബ്നുബാജയും ഇവ്വിഷയകമായി എഴുതിയവരാണ്. അരിസ്റ്റോട്ടിലിന്റെ ജന്തുശാസ്ത്രസിദ്ധാന്തങ്ങൾക്ക് ഇബ്നു റുശ്ദ് വ്യാഖ്യാനം രചിച്ചു. ഹിജ്റഃ ഏഴാം ശതകത്തിന്റെ ഒടുവിലും എട്ടാം ശതകത്തിന്റെ ആരംഭത്തിലുമായി ജന്തുശാസ്ത്രവിജ്ഞാനകോശങ്ങൾ രചിക്കപ്പെട്ടു.

കമാലുദ്ദീൻ ദമീരിയുടെ ഹയാത്തുൽ ഹയവാൻ അൽ കുബ്റ യാണ് എട്ടാം ശതകത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട മുസ്‌ലിം ജന്തുശാസ്ത്രഗ്രന്ഥം. ഇതിന് പേർഷ്യയിലും തുർക്കിയിലും പരിഭാഷകളു ായി. മുസ്‌ലിംകൾക്കിടയിൽ ഈ പുസ്തകം വളരെ വേഗം പ്രചാരം നേടി. ഖുർആനിൽ പരാമർശിച്ച മൃഗങ്ങളെക്കുറിച്ച് കൂടുതലറിയുന്നതിന് മുസ്‌ലിം പണ്ഢിതന്മാർ ഈ ഗ്രന്ഥത്തെ അവലംബിച്ചിരുന്നു. ഈജിപ്ഷ്യൻ പണ്ഢിതനായ ജലാലുദ്ദീൻ സുയൂത്വി ഈ ഗ്രന്ഥത്തിന് പദ്യരൂപത്തിലുള്ള സംഗ്രഹം തയാറാക്കി. പിന്നീടിതിന് ലാറ്റിൻ പരിഭാഷയുണ്ടായി. ഇസ്‌ലാമികലോകത്തെ ഏറ്റവും സമഗ്രമായ ജന്തുശാസ്ത്രഗ്രന്ഥമായിരുന്നു ദമിരിയുടേത്.

മുഗൾ ചക്രവർത്തി ജഹാംഗീർ തന്റെ തുസ്കെ ജഹാംഗീറി/ജഹാംഗീർ നാമയിൽ മൃഗങ്ങളെക്കുറിച്ച് വളരെ ശ്രദ്ധയോടെ വിവരിക്കുന്നുണ്ട്. മുസ്‌ലിം കഥാകാരന്മാർ മൃഗങ്ങളെയും പക്ഷികളെയും തങ്ങളുടെ ആശയാവിഷ്കാരത്തിന് വൻതോതിൽ മാധ്യമമാക്കിയിട്ടുണ്ട്. ആത്മീയ അന്വേഷണത്തിന്റെ മാർഗത്തിലും ഇതേ മാധ്യമം തന്നെ അവരുപയോഗിക്കുകയുണ്ടായി. ഫിർദൗസിയുടെ ഷാഹ്നാമ, ഔഫിയുടെ ജവാമിഉൽ ഹികായാത്ത് എന്നീ ഗ്രന്ഥങ്ങളിൽ പക്ഷികളും മൃഗങ്ങളും കഥാപാത്രങ്ങളാണ്. സൂഫി സാഹിത്യത്തിലും മൃഗങ്ങൾക്ക് പ്രത്യേകം സ്ഥാനമുണ്ട്. സനാഇയുടെ ഹദീഖത്തുൽ ഹഖീഖ, അത്ത്വാറിന്റെ മൻതിഖുത്ത്വൈർ, റൂമിയുടെ മസ്നവി, ജാമിയുടെ ബഹാരിസ്താൻ മുതലായവ ഉദാഹരണം.

വേട്ടയാടൽ മുതൽ മരുന്നു നിർമാണം വരെയുള്ള കാര്യങ്ങളിൽ മൃഗങ്ങൾക്ക് പ്രായോഗിക പ്രാധാന്യം കൽപിക്കപ്പെട്ടിരുന്നുവെന്നു കാണാം. മൃഗങ്ങളെ ചികിത്സിക്കുന്നതിനും മുസ്‌ലിം വൈദ്യന്മാർ പ്രത്യേകം പഠനം നടത്തിയിരുന്നു.

പ്രകൃതി സന്തുലനത്തിൽ സസ്യങ്ങളെയും ധാതുക്കളെയും പോലെ ഒരനിവാര്യ ഘടകമാണ് ജന്തുലോകവും എന്ന് മുസ്‌ലിംകൾ മനസ്സിലാക്കിയിരുന്നു. മൃഗങ്ങളെ ക്കുറിച്ച പഠനത്തിന് അവയെ പ്രായോഗികാവശ്യത്തിന് ഉപയോഗപെടുത്തുക എന്ന ലക്ഷ്യം മാത്രമായിരുന്നില്ല മുസ്‌ലിംകൾ കൽപ്പിച്ചിരുന്നത്. അല്ലാഹുവെ അറിയാനും തങ്ങളുടെയും മൃഗങ്ങളുടെയും നിലകൾ താരതമ്യപ്പെടുത്താനും ഇതിലൂടെ അവർ ശ്രമിച്ചു.

### » മനുഷ്യൻ

മനുഷ്യശരീരത്തെക്കുറിച്ച പഠനവും ഇസ്‌ലാമിക നാഗരികതയിൽ ജീവശാസ്ത്രത്തിന്റെ ഭാഗമായി വളരുകയുണ്ടായി. ''മനുഷ്യനെ സൃഷ്ടിച്ചത് ഏറ്റവും സുന്ദരമായ രൂപത്തി ലാണെന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്.'' ''മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടവനും മണ്ണിലേക്ക് മടങ്ങുന്നവനുമാണ് മനുഷ്യൻ'' എന്നാണ് ഖുർആന്റെ മറ്റൊരു പ്രസ്താവന. മനുഷ്യശരീരത്തിന്റെ അടിസ്ഥാന നിർമാണ വസ്തു കളിമണ്ണാണെന്നും ഖുർആൻ സൂചിപ്പിക്കുന്നു. മനുഷ്യ ഭ്രൂണ വളർച്ചയെ സംബന്ധിച്ചു വളരെ വ്യക്തവും കൃത്യവുമായ വിവരണമാണ് ഖുർആൻ നൽകുന്നത്.

മനുഷ്യ ശരീരഘടന പ്രത്യേകം പഠന വിധേയമാക്കിയവരാണ് റാസിയും ഇബ്നുസീനയും. മനുഷ്യാവയവങ്ങളെക്കുറിച്ചു ഖസ്വീനി പഠനം നടത്തി. മനുഷ്യശരീരത്തിലെ ചംക്രമണ വ്യവസ്ഥ, കണ്ണിന്റെ പ്രവർത്തന രീതി എന്നിവയും മുസ്‌ലിം ജീവശാസ്ത്രകാരന്മാർ പ്രത്യേകം പഠിക്കുകയുണ്ടായി. ഇബ്നുനഫീസുദ്ദിമശ്ഖി (ക്രി.വ. 1208–1289), കമാലുദ്ദീൻ അൽഫാരിസി (മരണം ക്രി.വ. 1320), അലിയ്യുബ്നു ഈസാ അത്ത്വബീബ് അൽ ബഗ്ദാദി (മ. ക്രി. 1000) എന്നിവർ മനുഷ്യാവയവങ്ങളെ സംബന്ധിച്ചു ഗ്രന്ഥരചന നടത്തിയവരാണ്.

മനുഷ്യന്റെ തലച്ചോറിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായ വിവരണം നൽകിയ പണ്ഡിതന്മാരാണ് ഇബ്നുനഫീസും സകരിയ്യാ ഖസ്വീനിയും. അരിസ്റ്റോട്ടിൽ മുന്നോട്ടുവെച്ച ആശയങ്ങളിൽ നിന്നു തീർത്തും വ്യത്യസ്തമായ നിരീക്ഷണങ്ങളാണ് ഇവർ നൽകുന്നത്. മനുഷ്യന്റെ മുഴുവൻ അവയവങ്ങളും തലച്ചോറും ഹൃദയവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതായി അവർ മനസ്സിലാക്കി. ശ്വാസകോശം, ആമാശയം, കുടലുകൾ, കരൾ, വൃക്ക തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തനങ്ങളും മുസ്ലിം ശാസ്ത്രജ്ഞർ വിശദീകരിച്ചു.

## ഖുർആനും വൈദ്യശാസ്ത്രവും

ആരോഗ്യപരിപാലനവും ചികിത്സയും ഇസ്ലാമിക വിശ്വാസപ്രമാണത്തിന്റെ തന്നെ ഭാഗമായാണ് വളർന്നുവന്നത്. ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യപദാർഥങ്ങളും പാനീയങ്ങളും നിരോധിച്ച ഖുർആൻ ''നല്ലതും അനുവദനീയമായതുമേ ആഹരിക്കാവൂ' എന്ന് അനുശാസിക്കുകയും ചെയ്തു. ശുചിത്വം, വ്യായാമം, വിശ്രമം, ഉപവാസം, മിതഭോജനം, ആരോഗ്യപൂർണമായ ശീലങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതാണ് ഇസ്ലാമിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ആരാധനകളും അനുഷ്ഠാനങ്ങളും. നിത്യേന അഞ്ചുനേരങ്ങളിലുള്ള പ്രാർഥന ആത്മാവിനു ശാന്തിയും മനസ്സിന് നവോന്മേഷവും ശരീരത്തിന് ഓജസ്സും നൽകുന്നു. വ്രതാനുഷ്ഠാനം ആത്മീയമായ ഉൽക്കർഷത്തോടൊപ്പം ശരീരത്തിലെ ആന്തരികാവയവങ്ങളുടെ ശുദ്ധീകരണവും ഉറപ്പുവരുത്തുന്നു. മാനസികാരോഗ്യവും ശാരീരികാരോഗ്യവും നിലനിർത്തുന്നതിൽ ധ്യാനത്തിനും പ്രാർഥനക്കുമുള്ള പങ്ക് സുവിദിതമാണ്.

ആരോഗ്യപരിപാലനത്തിന്റെ ആത്മീയമായ സാധ്യതകളെല്ലാം നിലനിൽക്കെത്തന്നെ മരുന്നുപയോഗിച്ചുള്ള ചികിത്സയുടെ പ്രാധാന്യവും പ്രവാചകൻ തന്റെ അനുചരന്മാരെ അഭ്യസിപ്പിക്കുകയുണ്ടായി. ''ഓരോ രോഗത്തിനും ഔഷധമുണ്ട്'' (ലികുല്ലി ദാഉൻ ദവാഉൻ) എന്ന തിരുനബിയുടെ പ്രസ്താവന പ്രസിദ്ധമാണ്. അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന അന്ധവിശ്വാസാധിഷ്ഠിതമായ ചികിത്സാമുറകളെയെല്ലാം നിരുത്സാഹപ്പെടുത്തിയ പ്രവാചകൻ രോഗം വരുമ്പോൾ ചികിത്സിക്കുക എന്ന ശീലം അനുയായികളിൽ വളർത്തിയെടുത്തു. വൈദ്യപഠനത്തിനും അവിടുന്ന് പ്രോത്സാഹനം നൽകി.

### » പ്രവാചകവൈദ്യം

ആരോഗ്യപരിപാലനത്തെയും രോഗചികിത്സയെയും സംബന്ധിക്കുന്ന പ്രവാചക വചനങ്ങൾ പ്രത്യേകം സമാഹരിക്കപ്പെട്ടിട്ടുണ്ട്. ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമുദി തുടങ്ങിയ പ്രസിദ്ധരായ ഹദീസ് സമാഹർത്താക്കൾ 'കിതാബുത്വിബ്ബ്' (വൈദ്യപുസ്തകം) എന്ന ശീർഷകം നൽകി ഇത്തരം ഹദീസുകൾ ക്രോഡീകരിച്ചിരിക്കുന്നു. 'ത്വിബ്ബുന്നബി' (പ്രവാചകവൈദ്യം) എന്നപേരിലാണ് നബിയുടെ ചികിത്സാരീതി അറിയപ്പെടുന്നത്. പ്രവാചകവൈദ്യവുമായി ബന്ധപ്പെട്ട നാനൂറോളം ഹദീസുകൾ ഉണ്ട്. അബൂബകറുബ്നുസാനി (ഹി. 4–ാം നൂറ്റാണ്ട്) അബൂനുഐം (ഹി. 5–ാം നൂറ്റാണ്ട്), ഇബ്നുൽഖയ്യിം അൽ ജൗസി (ഹി. 8–ാം നൂറ്റാണ്ട്), അബൂ അബ്ദില്ലാഹിദ്ദഹബി (ഹി. 8–ാം നൂറ്റാണ്ട്), അബ്ദുറഹ്മാനുസ്സുയൂത്വി (ഹി. 9–ാം നൂറ്റാണ്ട്) എന്നിവർ ത്വിബ്ബുന്നബി സംബന്ധമായ ഹദീസുകളിൽ പ്രത്യേക പഠനം നടത്തിയ പ്രമുഖരാണ്. ഇംഗ്ലീഷ് ഉൾപെടെയുള്ള നിരവധി വിദേശ ഭാഷകളിലേക്ക് ത്വിബ്ബുന്നബി ഹദീസ് സമാഹാരങ്ങൾ മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

ഒരിക്കൽ തിരുനബിയോട് ഒരു ശിഷ്യൻ ചോദിച്ചു: 'മരുന്ന് കൊണ്ട വല്ല ഉപയോഗവു

മുണ്ടോ?' അവിടുന്ന് പറഞ്ഞു: 'അതെ.'
'ദൈവദാസരേ, ഔഷധമുപയോഗിക്കുക, മരുന്ന് സൃഷ്ടിക്കാതെ അല്ലാഹു രോഗത്തെ സൃഷ്ടിച്ചിട്ടില്ല.' എന്ന് തിരുനബി അരുളി. രോഗം ദൈവകോപമല്ല എന്നു പ്രവാചകൻ അനുയായികളെ ബോധ്യപ്പെടുത്തിയിരുന്നു. ദൈവദൂതന്മാർക്കും രോഗങ്ങൾ പിടി പെട്ടിട്ടുണ്ടെന്ന് നബി ഓർമിപ്പിച്ചു.

ഡഗ്ളാസ് ഗുഥ്രി (Douglas Guthrie) തന്റെ 'എ ഹിസ്റ്ററി ഓഫ് മെഡിസിനിൽ' അഭിപ്രായപ്പെടുന്നത് മുഹമ്മദ് നബിയുടെ വചനങ്ങളാണ് വൈദ്യമേഖലയിൽ വൻപുരോഗതി കൈവരിക്കാൻ മധ്യകാലഘട്ടത്തിലെ മുസ്‌ലിം ഭിഷഗ്വരന്മാർക്ക് പ്രേരണയായത് എന്നാണ്.
രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയുംചെയ്യുക എന്നത് ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയോടുള്ള ആറു കടപ്പാടുകളിൽ ഒന്നായാണ് നബി എണ്ണിയിരിക്കുന്നത്. രോഗികളെ സന്ദർശിക്കുമ്പോൾ ശരിയായ വൈദ്യോപദേശം തേടാനും നബി രോഗികളോട് ആവശ്യപ്പെടുക പതിവായിരുന്നു. ഒരിക്കൽ നബി സഅ്ദുബ്നു അബീവഖാസിനെ സന്ദർശിച്ചു. ഹൃദ്രോഗബാധിതനായി കിടപ്പിലായിരുന്നു അദ്ദേഹം. നബി നെഞ്ചു തടവിയപ്പോൾ സഅദിനു അൽപം ആശ്വാസം തോന്നി. എങ്കിലും നബി സഅദിനോട് പറഞ്ഞു:''സൂക്ഷിക്കണം. ഹൃദ്രോഗമാണ്. ഹാരിസുബ്നു കൽദയെ കാണിക്കുക. അദ്ദേഹം നല്ല വൈദ്യനാണ്.''

രോഗികളെ ശ്രദ്ധയോടെ പരിചരിക്കണമെന്ന് നബി വൈദ്യന്മാരെ ഉപദേശിച്ചു. ഔഷധ പ്രയോഗത്തിൽ വൈദഗ്ധ്യമുള്ളവർ മാത്രമേ ചികിത്സിക്കാവൂ എന്ന് നബി ഉപദേശിച്ചിരുന്നു.
നബി പല രോഗങ്ങൾക്കും ചികിത്സ നിർദേശിക്കുകയുണ്ടായിട്ടുണ്ട്. തേൻ, സുന്നാമാക്കി, കാരക്ക, ഒലീവ്, കരിഞ്ചീരകം, ഉലുവ, കറിവേപ്പ്, ഇഞ്ചി, കുങ്കുമം, പെരിഞ്ചീരകം, കറ്റുവാഴ തുടങ്ങിയവ നബി നിർദേശിച്ച ഔഷധങ്ങളിൽ പെടുന്നു.

പ്ലേഗ് ബാധിച്ച സ്ഥലത്തേക്ക് പോകരുതെന്നും പ്ലേഗ് ബാധിച്ച സ്ഥലത്തു നിന്ന് മറ്റു നാടുകളിലേക്ക് ഓടിപ്പോകരുതെന്നുമുള്ള പ്രവാചകന്റെ ഉപദേശം സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള ശാസ്ത്രീയമായ മുൻകരുതലിനെ സൂചിപ്പിക്കുന്നു.
രോഗങ്ങളെക്കുറിച്ച് അറബികൾ വെച്ചുപുലർത്തിയിരുന്ന അന്ധവിശ്വാസങ്ങളെ പ്രവാചകൻ തിരുത്തി. പുതിയൊരു വൈദ്യശാസ്ത്ര വിപ്ലവത്തിന് ഇതുവഴി പ്രവാചകൻ തുടക്കം കുറിച്ചു.

## വിശുദ്ധ ഖുർആൻ സൗന്ദര്യങ്ങളുടെ സൗന്ദര്യം

റോസാപ്പൂ. എന്തൊരു ചന്തമാണതിന്. തലപുകഞ്ഞ് നീറുകയാണെങ്കിൽപോലും വിടർന്നുനിൽക്കുന്ന പൂ ഒന്ന് ശ്രദ്ധിക്കാതിരിക്കാൻ കഴിയില്ല. അതിന്റെ സുഗന്ധവും സൗന്ദര്യവും നമ്മുടെ കണ്ണിലൂടെ, ആത്മാവിലൂടെ കടന്നുപോകും. അതനുഭവിക്കാൻ അൽപ്പം സൗന്ദര്യബോധമേ ആവശ്യമുള്ളൂ. ഇതരജീവികളിൽ നിന്ന് മനുഷ്യരെ വേറിട്ടു നിർത്തുന്ന ഒരു സവിശേഷത കൂടിയാണല്ലോ സൗന്ദര്യബോധം. എന്നാൽ ഈ പുഷ്പ ത്തിന് ചില പോരായ്മകളുണ്ട്.
ഒന്ന്: നൈമിഷികത. നശ്വരമാണ് പുഷ്പം. അതെത്ര സുന്ദരിയും മോഹിനിയുമാണെ ങ്കിലും അൽപായുസ്സാണ്. രണ്ട്: വിശുദ്ധിഭംഗം. മികച്ച സൗന്ദര്യത്തിന്റെ നിറച്ചാർത്തു മായി വിടർന്നുനിൽക്കുന്ന പുഷ്പത്തിന്റെ കാണ്ഡം, വേരുകൾ ചിലപ്പോൾ കുപ്പയിലാ യിരിക്കും. ചുരുങ്ങിയപക്ഷം മാലിന്യങ്ങളായിരിക്കും അതിന്റെ ആഹാരം. ആസ്വാദന

ത്തിനു മങ്ങലേൽപ്പിക്കുന്ന ദു:ഖസത്യമാണിത്.

മൂന്ന്: മൂല്യശോഷണം. റോസാപൂവിന് നറുമണമുണ്ട്. സൗന്ദര്യമുണ്ട്. പക്ഷേ, മൂല്യമില്ല. സ്വർണത്തിന്റെ ചെറിയൊരംശം മൂല്യം പോലും അതിനില്ലല്ലോ. സുഗന്ധം പരത്തുന്ന സുന്ദരപുഷ്പം സ്വർണ നിർമിതമായിരുന്നെങ്കിൽ സൗന്ദര്യവും മൂല്യവുമുണ്ടാകുമായിരുന്നു. പക്ഷേ, അതില്ല. ഇനി സ്വർണത്തിൽ ഒരു പൂ തീർത്താലോ? അതിന് സുഗന്ധവുമുണ്ടാവില്ല. ഇഹത്തിലെ ഏതു സുന്ദര സ്വരൂപത്തിന്റെയും പൊതുസ്വഭാവമാണിത്. അകംമോടിയും പുറംമോടിയും ഒരിക്കലും ഇണങ്ങുന്നില്ല. അകവും പുറവും ഒരുപോലെ മൂല്യവത്തും സുന്ദരവുമായ വല്ലതും ഇവിടെ കാണാനുണ്ടോ? എന്തെങ്കിലും അപൂർണതകൾ ചേരാത്ത സമ്പൂർണ സൗന്ദര്യം? ഇല്ല.

എന്നാൽ അല്ലാഹുവിന്റെ വചനമായ ഖുർആൻ ചാപല്യങ്ങളില്ലാത്ത സൗന്ദര്യമാണ്. അകവും പുറവും ശുദ്ധം, സുന്ദരം, ഗംഭീരം, അനശ്വരം. അകത്തും പുറത്തും സൗന്ദര്യവും മൂല്യവും പാവനത്വവുമുള്ള മഹാപുഷ്പം പോലെ, ഖുർആൻ ആസ്വാദകനെ ഒരിക്കലും നിരാശപ്പെടുത്തുന്നില്ല. എന്നുമെന്നും അനുഭവിക്കാൻ, സംതൃപ്തി പകരാൻ കണ്ടക്കതവും പ്രൗഢവുമാണത്. കിറുകൃത്യമായ ഖണ്ഢിത സത്യങ്ങൾ, തന്ത്രപ്രധാനമായ പ്രയോഗങ്ങൾ, വാക്കുകൾ, വാക്യങ്ങൾ! അടിമുടി അത്യാകർഷകവും പ്രശംസനീയവുമായ ശൈലീ വിശേഷം. ഈ മൂന്ന് ഗുണങ്ങളും സുപ്രധാനമാണ്. കാരണം പറയാം. അസത്യത്തിന് വിശുദ്ധിയില്ല. നിലനിൽപുമില്ല. പരിഗണനയോ ശ്രദ്ധയോ അർഹിക്കുന്നുമില്ല. അസത്യത്തിന്റെ കലർപുള്ള സത്യവും ഇതേ ഗണത്തിലാണ്. അതുകൊണ്ട് മാനവ മാർഗദർശനത്തിനുള്ള ഏതൊരു സന്ദേശവും സത്യമായാൽ മാത്രം പോരാ. സമ്പൂർണ സംശുദ്ധ സത്യമായിരിക്കണം. കിറുകൃത്യമായ സത്യം. ഖണ്ഢിത യാഥാർഥ്യം. സത്യം തന്നെ അവതരിപ്പിക്കുമ്പോഴും പൂർണജാഗ്രത വേണം. അലസമായോ അശ്രദ്ധമായോ അവതരിപ്പിക്കപ്പെടുന്ന സത്യവും കളങ്കപ്പെടാനും അപകടം വരുത്താനുമിടയുണ്ട്. അവതാരകന് പൂർണശ്രദ്ധയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. തന്ത്രപ്രധാനമായ ശൈലിയും പ്രയോഗങ്ങളുമായിരിക്കണം. സൗന്ദര്യബോധമില്ലാതെ പരുക്കൻ മട്ടിൽ പറഞ്ഞൊപ്പിക്കുമ്പോൾ സത്യത്തിന്റെ പ്രാധാന്യവും ആകർഷകത്വവും നഷ്ടപ്പെടുകയോ ക്ഷതപ്പെടുകയോ ചെയ്തേക്കും. പൂർണമായും അബദ്ധമുക്തമായ സത്യബോധനങ്ങൾ തന്ത്രപ്രധാനമായ പ്രയോഗങ്ങളിലൂടെ അതീവസുന്ദരമായ ശൈലിയിൽ അവതരിപ്പിക്കുന്ന നിലവിലുള്ള ഏകവേദമാണ് വിശുദ്ധ ഖുർആൻ.

''മുമ്പിലൂടെയോ പിമ്പിലൂടെയോ അബദ്ധം അതിനെ ബാധിക്കില്ല. തന്ത്രജ്ഞന്റെ, സ്തുത്യർഹന്റെ പക്കൽ നിന്നാണതിന്റെ അവതരണം'' (വി.ഖു: 41/42).

''സത്യവുമായി നാമത് അവതരിപ്പിച്ചിരിക്കുന്നു. സത്യവുമായി അവതരിക്കുകയും ചെയ്തിരിക്കുന്നു'' (വി.ഖു: 17/105).

സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്ന ശാസ്ത്ര നിഗമനങ്ങൾ, നിയമ നിർദേശങ്ങൾ, ഭരണഘടനകൾ എല്ലാം തിരുത്തപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ ഒരു തിരുത്തു പോലും ആവശ്യമായി വന്നിട്ടില്ല. തിരുത്ത് ആവശ്യമാണെന്ന് വിചാരിച്ചിരുന്നവർ സ്വയം തിരുത്തുകയുമുണ്ടായിട്ടുണ്ട്. വിശുദ്ധ ഖുർആനിന്റെ ആശയം, ഭാഷ, ശൈലി തുടങ്ങി എല്ലാം ഒന്നിനൊന്ന് മെച്ചപ്പെട്ട സൗന്ദര്യനിറവാണ്. സൗന്ദര്യത്തിന്റെ ഏറ്റവും മികച്ച രൂപത്തിൽ. ഖുർആന് വഴങ്ങുന്നവർ ആത്മീയവും, സാംസ്കാരികവുമായ മികച്ച വ്യക്തിത്വം ആർജിക്കുന്നു. ലക്ഷ്യവും മാർഗവും ഫലവും പൂർണമായി സുന്ദരമായിരിക്കാൻ താൽപര്യമുള്ളവർക്ക് ഖുർആൻ ഒഴിച്ചുകൂടാനാവാത്ത മാർഗദർശനമാണ്.

''സുന്ദര കർമങ്ങൾ എടുക്കുന്നവർക്ക് സൗന്ദര്യപൂർണമായ പ്രതിഫലമുണ്ട്. അതിൽ കൂടുതലുമുണ്ട്'' (വി.ഖു: 10/26). ''അല്ലാഹുവിന്റെ നിറച്ചാർത്ത്! അല്ലാഹുവിനെക്കാൾ

സുന്ദരമായി വർണ്ണനകൾ നടത്തുന്നവർ ആരുണ്ട്?'' (വി.ഖു: 2/138).

ഖുർആനിൽ നിന്നകലുമ്പോൾ വ്യക്തിത്വ, സാംസ്കാരിക വൈരൂപ്യവും തകർച്ചയും സംഭവിക്കുന്നു. ''എന്റെ ഉദ്ബോധനം ആര് അവഗണിക്കുന്നുവോ, അവർക്ക് ക്ലേശ ജീവിതമുണ്ട്'' (വി.ഖു: 20/124).

''തന്റെ നാഥന്റെ വചനങ്ങൾ മുഖേന ഉപദേശിക്കപ്പെട്ടതിൽ പിന്നെ അതിൽ നിന്നകന്നു കഴിയുന്നവനേക്കാൾ അതിക്രമി ആരുണ്ട്. നിശ്ചയം, നാം ദുർനടപ്പുകാരെ പിടികൂടുന്നുണ്ട്'' (വി.ഖു: 32/22).

ഖുർആനുമായി സമരസപ്പെടാത്ത ജീവിതം എത്രമേൽ അവിശുദ്ധവും അപകടകരവുമാണെന്ന് നബി(സ്വ) വ്യക്തമാക്കുന്നു.

വിശുദ്ധ ഖുർആൻ വിശിഷ്ട സൗന്ദര്യങ്ങളുടെ ആദർശമാണ്. സുന്ദരവിശ്വാസം, സുന്ദര കർമം, സുന്ദരസ്വഭാവം, അതാണ് ഖുർആൻ കൽപിക്കുന്നത്. സുന്ദരപ്രതിഫലം, അതീവ സുന്ദരസ്വർഗം അതാണ് ഖുർആൻ വാഗ്ദാനം ചെയ്യുന്നത്. ഖുർആൻ ഉയർത്തിപ്പിടിക്കുന്ന സുന്ദര സന്ദേശങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ കാണുക.

### » വിശ്വാസ സൗന്ദര്യം

''എന്നാൽ അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിയിരിക്കുന്നു. നിങ്ങളുടെ മനസുകളിൽ അവയെ സൗന്ദര്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു'' (വി.ഖു: 49/7).

### » കർമ സൗന്ദര്യം

ഇഹത്തിൽ സുന്ദരകർമങ്ങൾ അനുഷ്ഠിക്കുന്നവർക്ക് നന്മയുണ്ട് (വി.ഖു: 39/10). ''വിശ്വസിച്ചു സുകൃതങ്ങളെടുത്തവർ, അവർക്ക് സന്തോഷമുണ്ട്. സുന്ദരസങ്കേതവുമുണ്ട്'' (വി.ഖു: 13/29). ഖുർആനിക കാഴ്ചപ്പാടിൽ ജീവിതം തന്നെ ഒരു സുന്ദര പരീക്ഷണമാണ്.

''സർവാധികാരം കൈയ്യാളുന്നവൻ പരിശുദ്ധൻ. അവൻ സർവശക്തൻ. അവൻ ജീവിതവും മരണവും സജീകരിച്ചിരിക്കുന്നു. ആരാണ് സുന്ദരകർമങ്ങളെടുക്കുന്നതെന്നു പരീക്ഷിക്കുന്നതിന് വേണ്ടി. അവൻ അജയ്യൻ. ഏറെ പൊറുക്കുന്നവൻ'' (വി.ഖു: 67/1,2). ഇസ്ലാമിന്റെ, ഖുർആനിന്റെ സൗന്ദര്യം ആത്മാവിലേക്ക്, വ്യക്തിത്വത്തിലേക്ക് പകർത്തുക. അതാണ് ഏറ്റവും പാവനമായ സൗന്ദര്യം. അതുൾകൊള്ളുക, അതിൽ അഭിമാനിക്കുക, അതിനായി നിലകൊള്ളുക. ''അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സുകൃതങ്ങൾ എടുക്കുകയും ഞാൻ മുസ്ലിമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവനേക്കാൾ സുന്ദരവാക്കു പറയുന്നവനാരുണ്ട്?'' (വി.ഖു: 41/33).

യഥാർഥ സൗന്ദര്യത്തെ മറച്ചു പിടിക്കുന്ന, നശിപ്പിക്കുന്ന വ്യാജ സൗന്ദര്യങ്ങളുമുണ്ട്. അവയിൽ ആകൃഷ്ടരായി കബളിപ്പിക്കപ്പെട്ടുകൂടാ. ഇഹലോകത്തെ വ്യാജ, നശ്വരസൗന്ദര്യങ്ങളുടെ ലഹരിയിൽ മത്തു പിടിച്ചു മയങ്ങുന്ന ഭാഗ്യദോഷികളെ ഖുർആൻ തട്ടിയുണർത്തുന്നു; സമചിത്തതയോടെ ഉണർന്നു ചിന്തിക്കാൻ. യഥാർഥ സൗന്ദര്യത്തിന് വിഘാതമാകുന്ന പൈശാചിക സൗന്ദര്യത്തെ മറികടക്കാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു.

''സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണ വെള്ളി ശേഖരങ്ങൾ, വിശേഷാശ്വങ്ങൾ, മൃഗങ്ങൾ, കൃഷി തുടങ്ങിയവയെക്കുറിച്ച് ദുരാഗ്രഹങ്ങൾ മനുഷ്യർക്ക് സുന്ദരമായി കാണിക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം ഐഹിക വിഭവങ്ങൾ മാത്രമാണ്. അല്ലാഹുവിങ്കൽ അതിസുന്ദരസങ്കേതമുണ്ട്'' (വി.ഖു: 3/14).

## ഖുർആനും സസ്യശാസ്ത്രവും

സസ്യങ്ങളും സസ്യോൽപന്നങ്ങളും വിശുദ്ധ ഖുർആന്റെയും നബിവചനങ്ങളുടെയും പ്രതിപാദ്യ വിഷയങ്ങളിലൊന്നാണ്. ഖുർആനിൽ പരാമർശിക്കപ്പെട്ട സസ്യങ്ങളെ സംബന്ധിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കുന്നതിന് പണ്ഡിതന്മാർ പ്രയത്നിക്കുകയുണ്ടായി. ഇങ്ങനെ ശേഖരിച്ച വിവരങ്ങൾ ഖുർആൻ വ്യാഖ്യാനങ്ങളി ലാണ് ആദ്യഘട്ടങ്ങളിൽ അവർ ഉൾക്കൊള്ളിച്ചത്. നബിവചനങ്ങളിൽ പരാമർശിക്കപ്പെട്ട ചെടികളെക്കുറിച്ചും ഇത്തരം അന്വേഷണങ്ങളുണ്ടായി.

ഈന്തപ്പന, ഒലീവ്, മുന്തിരി, മന്ന, ഉറുമാൻ, അത്തി, കാറ്റാടി, ദേവദാരു, ഇഞ്ചി, ഉള്ളി, പയർ, കക്കിരി, തുളസി, കടുക്, കള്ളിമുൾച്ചെടി എന്നിവ ഖുർആൻ പരാമർശിച്ച ചെടികളിൽ പെടുന്നു. കൃഷിയെയും കാർഷിക വിളകളെയും സംബന്ധിച്ചും ഖുർആനിൽ ധാരാളം പരാമർശങ്ങളുണ്ട്. ഭൂമിയിൽ ചെടികൾ മുളച്ചുവളരുന്നതും കായ്കനികളുണ്ടാകുന്നതും ഒടുവിൽ ഉണങ്ങിപ്പോവുന്നതും ചിന്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം ധാരാളം പാഠങ്ങൾ ഉൾക്കൊള്ളുന്ന ദൈവിക ദൃഷ്ടാന്തങ്ങളാണെന്ന് ഖുർആൻ പറയുന്നു.

‘‘അവനാണ് നിങ്ങൾക്കുവേണ്ടി ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുന്നത്. അതിൽനിന്നു നിങ്ങൾ കുടിക്കുന്നു. അതുമൂലം ചെടികൾ ഉണ്ടാവുന്നു. അതിനാൽ നിങ്ങൾക്കു കന്നുകാലികളെ മേക്കാൻ സാധിക്കുന്നു. കൃഷി, ഒലീവുമരം, ഈത്തപ്പന, മുന്തിരി എന്നിവയും മറ്റെല്ലാതരം പഴങ്ങളും മഴ മൂലം അവൻ നിങ്ങൾക്ക് ഉത്പാദിപ്പിച്ചു തരുന്നു. തീർച്ചയായും ചിന്തിക്കുന്നവർക്ക് അതിൽ ദൃഷ്ടാന്തമുണ്ട്’’ (16 : 10, 11).

ചെടികളുടെ വൈവിധ്യവും വളർച്ചയുടെ ഘട്ടങ്ങളുമെല്ലാം വിവിധ സൂക്തങ്ങളിലായി ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. ‘‘ആകാശത്തുനിന്നു മഴ വർഷിപ്പിച്ചതും അവനാകുന്നു. മഴ കാരണമായി എല്ലാ വസ്തുക്കളുടെയും മുളകളെ അവൻ പുറത്തുകൊണ്ടുവരുന്നു. അങ്ങനെ നാം അതിൽ നിന്ന് പച്ചപ്പ് ഉത്പാദിപ്പിച്ചു. പിന്നീട് അവയിൽ നിന്ന് തിങ്ങിനിൽക്കുന്ന ധാന്യങ്ങളെ പുറത്തുകൊണ്ടുവന്നു. ഈത്തപ്പനയുടെ കൊതുമ്പചന്റ നിന്ന് തൂങ്ങിനിൽക്കുന്ന കുലകൾ ഉണ്ടാകുന്നു’’ (6 : 99).

സസ്യങ്ങളിലെ ഇണകൾ എന്ന പ്രതിഭാസത്തിലേക്ക് ഖുർആൻ ഇങ്ങനെ വിരൽ ചൂണ്ടുന്നു: ‘‘നിങ്ങൾക്കുവേണ്ടി വ്യത്യസ്ത ജനുസ്സിൽപെട്ട സസ്യഇണകളെ നാം ഉൽപാദിപ്പിച്ചിരിക്കുന്നു’’ (20 : 53). ‘‘എല്ലാ പഴങ്ങളിൽ നിന്നും ഇണകളായി ഓരോ ജോഡിയെ അവൻ ഉണ്ടാക്കി’’ (13 : 3).

ചെടികളിലെ ആൺ – പെൺ സാന്നിധ്യത്തെയാണ് ഈ വചനങ്ങൾ സൂചിപ്പിക്കുന്നത്. ചെടികളിലെ പുരുഷേന്ദ്രിയമായ കേസരത്തിൽ നിന്നുള്ള പൂമ്പൊടി (പുംബീജം) സ്ത്രീ ഇന്ദ്രിയമായ അണ്ഡകത്തിൽ പതിക്കുമ്പോഴാണ് പരാഗണം (സസ്യങ്ങളുടെ ലൈംഗിക ബന്ധം) നടക്കുന്നത്. ‘‘പരാഗണം നടത്തുന്ന കാറ്റുകളെ നാം അയച്ചു’’ (15 : 22). എന്ന ഖുർആൻ വാക്യത്തെ ഇതോടു ചേർത്തു വായിക്കണം. ചുരുക്കത്തിൽ ഖുർആൻ പഠനത്തിന്റെ ഭാഗമായിത്തന്നെ സസ്യശാസ്ത്രപഠനം മുസ്‌ലിം ധൈഷണിക ജീവിതത്തിന്റെ ഭാഗമായിത്തീർന്നു.

### നബിവചനങ്ങളിൽ

നിരവധി വൃക്ഷങ്ങളെയും ഔഷധച്ചെടികളെയും സംബന്ധിച്ചു നബിവചനങ്ങളിൽ പരാമർശമുണ്ട്. സസ്യങ്ങളെ സംബന്ധിക്കുന്ന മിക്ക നബിവചനങ്ങളും അവയുടെ ഔഷധ ഗുണത്തിൽ ഊന്നുന്നവയാണ്. ഉലുവ, കരിഞ്ചീരകം, കറ്റുവാഴ, ദന്തധാവനചെടി, സുന്നാമാക്കി, നീലയമരി, ചിക്കെറി, ആട്ടങ്ങ, കടുക്, ചതകുപ്പ, ആവണക്ക് തുടങ്ങിയ സസ്യങ്ങളെ പല രോഗങ്ങൾക്കും ഔഷധമായി നബി ശിപാർശ ചെയ്യുകയുണ്ടായി.

കാരക്ക, ഉറുമാൻ, ഒലീവ്, മുന്തിരി, അത്തി, സഫർജൽ, ചാമ്പക്ക, വത്തക്ക, കക്കിരി, ചുരയ്ക്ക, വഴുതനങ്ങ, ബീറ്റ് റൂട്ട്, ഇഞ്ചി, ഉള്ളി, വെളുത്തുള്ളി, ബാർലി, ഗോതമ്പ്, അരി, ചോളം, മൈലാഞ്ചി, വയമ്പ്, കുങ്കുമം, കസ്തൂരി, തുളസി എന്നിവയും നബി വചനങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കേണ്ടതിന്റെയും അവയെ സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകതയും പ്രവാചകൻ ഊന്നിപ്പറയുന്നു ്. ചെടികളുടെ ഔഷധ പ്രാധാന്യം പ്രവാചകൻ എടുത്തു പറഞ്ഞത് ആ വഴിക്കുള്ള അന്വേഷണത്തിനു മുസ്‌ലിംകൾക്ക് പ്രേരണയുമായി.

''മരണമൊഴികെയുള്ള എല്ലാ രോഗങ്ങൾക്കും ഔഷധമാണ് കരിഞ്ചീരകം'', ''എന്റെ ജനതക്ക് ഉലുവയുടെ മൂല്യം അറിയുമായിരുന്നെങ്കിൽ അവർ തുല്യതൂക്കം സ്വർണം കൊടുത്ത് അത് വാങ്ങുമായിരുന്നു.'' ''ഉറുമാൻ പഴം ദഹനത്തെ ശക്തിപ്പെടുത്തും.''

ഇങ്ങനെ സസ്യങ്ങളുടെ ഔഷധഗുണങ്ങളെക്കുറിക്കുന്ന നാനൂറോളം ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. സസ്യങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനും അവയെ കുറിച്ചു കൂടുതൽ പഠിച്ചറിയുന്നതിനും നബിയുടെ ഇത്തരം വചനങ്ങൾ മുസ്‌ലിംകൾക്ക് പ്രചോദനമായിത്തീർന്നു.

വൃക്ഷങ്ങളെ ആദരിക്കാനും അവ കഴിയുന്നത്ര വച്ചുപിടിപ്പിക്കാനും പ്രവാചകനും ശിഷ്യരും ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നു. വൃക്ഷച്ചുവടുകളെ മലമൂത്ര വിസർജനത്തിലൂടെ മലിനമാക്കരുതെന്നും നബി കർശനമായി താക്കീതു ചെയ്തു.

## SOURCE

MuslimPath.com
മുസ്‌ലിം സരണി